www.malankaralibrary.com



8-ാം പതിപ്പ്

# നുഹറോ ദ് മലങ്കര

ܢܘܗܪܐ ܕܡܠܢܟܪܐ


ഈവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com

# എം.സി.വൈ.എം.

## പത്തനംതിട്ട ഭദ്രാസന സമിതി 2024-25



അഭി. സാമുവേൽ മാർ
ഐറേനിയോസ് മെത്രാപ്പോലീത്ത
മുഖ്യ രക്ഷാധികാരി



മോൺ വർഗീസ് മാത്യു
കാലായിൽ വടക്കേതിൽ
സഹ രക്ഷാധികാരി



ഫാ. ജോബ് പതാലിൽ
ഡയറക്ടർ



ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ
അസി. ഡയറക്ടർ



സി. ജൊവാൻ എസ്. ഐ.സി.
അനിമേറ്റർ



ബിബിൻ എബ്രഹാം
പ്രസിഡന്റ്



സുബിൻ തോമസ്
ജന. സെക്രട്ടറി



വിശാഖ് വി.എൽ.
ട്രഷറാർ



ജിഷ ജോസ്
വൈസ് പ്രസിഡന്റ്



ലിന്റോ തോമസ്
വൈസ് പ്രസിഡന്റ്



ടെനി സജി
സെക്രട്ടറി




അബിൻ പി. ബിജു
സെക്രട്ടറി




ജിറ്റി കെ. എബ്രഹാം
സെക്രട്ടറി



ലിജോ ഫിലിപ്
സഭാതല സിൻഡിക്കേറ്റ്



അക്സ രാജൻ
സഭാതല സിൻഡിക്കേറ്റ്




ലിനു വി. ഡേവിഡ്
കെ.സി.വൈ.എം. സിൻഡിക്കേറ്റ്



അലീന എലിസബത്ത് മാത്യു
കെ.സി.വൈ.എം. സിൻഡിക്കേറ്റ്



നിബിൻ പി. സാമുവേൽ
കെ.സി.വൈ.എം. സെനറ്റ്



സോന മറിയം ജോർജ്ജ്
കെ.സി.വൈ.എം. സെനറ്റ്



അജോഷ് എം. തോമസ്
എക്സ് ഒഫീഷ്യോ

www.malankaralibrary.com




മുണ്ടൻമലയിൽ തെളിച്ച ഐക്യത്തിന്റെ
ദീപവുമേന്തി ആഗോള കത്തോലിക്കാസഭയുടെ
സ്നേഹക്കൂട്ടായ്മയിലേക്ക് നടന്നിറങ്ങിയ
താപസശ്രേഷ്ഠൻ...
മാർ ഈവാനിയോസ് തിരുമേനി...
ആ താപസശ്രേഷ്ഠന്റെ തീർത്ഥാടന വഴിയേ
അനന്തപുരിയുടെ മടിത്തട്ടിൽ ഉയർന്നു
നിൽക്കുന്ന അനുഗ്രഹങ്ങളുടെ കലവറയിലേയ്ക്ക്
നമുക്ക് യാത്രചെയ്യാം. ഈ പദയാത്രയ്ക്ക്
കാലാകാലങ്ങളിൽ നേതൃത്വം വഹിച്ച
എല്ലാവരേയും ഓർക്കാം. ഈ തീർത്ഥയാത്ര
മാർ ഈവാനിയോസ് പിതാവിനെ പോലെ
ക്രിസ്തുവിനെ ഏവരിലേക്കും
പകർന്നു നൽകാൻ കാരണമാകട്ടെ....

# സഹറോദ് മലങ്കര

8-ാം പതിപ്പ്

## ഈവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ

**മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്**
**പത്തനംതിട്ട ഭദ്രാസനം**

Upasana Pastoral Centre, Attarikam, Omalloor P.O.
Pathanamthitta Dist., Kerala-689647
mcymptadiocese@gmail.com
https://www.facebook.com/mcymptadiocese
https://www.instagram.com/mcymptadiocese

Printed and Published by: **MCYM 2024-25**
**Office Bearers Pathanamthitta Diocese**

www.malankaralibrary.com


**THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH**

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP - CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baseliscleemis@gmail.com
Web: malankaratvm.com


05-06-2025

# അനുഗ്രഹ സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുണ്യപിതാവും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയുമായ ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പത്തനംതിട്ട ഭദ്രാസനത്തിലെ റാന്നി-പെരുനാട് മുണ്ടൻമലയിലെ തീർത്ഥാടന ദൈവാലയത്തിൽ നിന്നും തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രലിൽ സ്ഥിതിചെയ്യുന്ന വന്ദ്യപിതാവിന്റെ കബറിങ്കലേക്ക് എല്ലാവർഷവും മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) നേതൃത്വത്തിൽ നടത്തപ്പെടുന്ന തീർത്ഥാടന പദയാത്ര യുവജനങ്ങളുടെ ആത്മീയ ഉണർവിന്റെയും സഭാമക്കളുടെ വിശ്വാസ തീക്ഷ്ണതയുടെയും ദൃഷ്ടാന്തമാണ്. ഇതിന് കാവലാളായി നമ്മുടെ പുണ്യപിതാവ് സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഈ തീർത്ഥാടന പദയാത്ര അനേകർക്ക് അനുഗ്രഹകരമായി മാറുന്നു എന്നത് നമ്മുടെ വിശ്വാസതീക്ഷ്ണതയുടെയും സഭാബന്ധത്തിന്റെയും സാക്ഷ്യമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായി, വചനവർഷമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ, വിശ്വാസത്തിന്റെ വെളിച്ചം അനേകർക്ക് പകർന്നു നൽകുവാൻ ഈ തീർത്ഥാടന പദയാത്ര സഹായകരമാകട്ടെ. സഭൈക്യ പ്രസ്ഥാനത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും ശക്തനായ വക്താവായി പ്രവാചക ജീവിതം നയിച്ച മലങ്കരയുടെ സൂര്യതേജസ്സായ വന്ദ്യപിതാവിന്റെ എഴുപത്തിരണ്ടാം ഓർമ്മപ്പെരുന്നാളിൽ നമുക്ക് നമ്മെത്തന്നെ പുനസമർപ്പണം ചെയ്യാം.

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ **നൂഹറോ ദ് മലങ്കര** എന്ന പേരിൽ തീർത്ഥാടന പദയാത്രാ അനുഭവസാക്ഷ്യങ്ങളും പ്രാർത്ഥനാ നിയോഗങ്ങളും ചേർത്ത് ഒരു ബുക്ക്ലെറ്റ് പ്രസിദ്ധീകരിക്കുന്നു എന്നത് ശ്ലാഘനീയമാണ്. ഈ അവസരത്തിൽ എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്ന അഭിവന്ദ്യ പിതാക്കന്മാരെയും ഊർജ്ജസ്വലതയോടെ യുവജനങ്ങൾക്ക് ആത്മീയ നേതൃത്വം നൽകുന്ന ബഹു. ഡയറക്ടർ അച്ചന്മാരെയും യുവജന നേതാക്കളെയും ഞാൻ അഭിനന്ദിക്കുകയും എല്ലാ ആശംസകളും പ്രർത്ഥനകളും നേരുകയും ചെയ്യുന്നു.

ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
പ്രസിഡന്റ്, കേരള കത്തോലിക്കാ മെത്രാൻ സമിതി.

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM, TRIVANDRUM-695 004, KERALA, INDIA.
Web: www.catholicate.net

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH
## DIOCESE OF PATHANAMTHITTA

MOST REV. DR. SAMUEL MAR IRENIOS
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail:diocesepta@gmail.com (O)
bishopmarirenios@gmail.com (P)

ജൂലായ് 01, 2025

**ആശംസ**

ദൈവാന്വേഷിയായ ഒരുവന് തീർത്ഥാടനം സ്വർഗത്തിലേക്കുള്ള ആത്മീയയാത്രയുടെ ഓർമ്മപെടുത്തലും മുന്നാസ്വാദനവുമാണ്. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന പ്രമേയത്തിലാണ് ആഗോള കത്തോലിക്കാ സഭ 2025-ലെ ജൂബിലി വർഷം ആരംഭിച്ചിരിക്കുന്നത്. വന്ദ്യ പിതാവിന്റെ ജീവിതം പ്രത്യാശയുടെ സാക്ഷ്യമായിരുന്നു. ഉപേക്ഷിക്കുമ്പോൾ നൂറിരട്ടിയായി ലഭിക്കുമെന്ന സുവിശേഷവാഗ്ദാനത്തിൽ അടിയുറച്ചു നിൽക്കുന്ന പ്രത്യാശ. പദയാത്ര അദ്ദേഹത്തിന്റെ ജീവിതത്തിനുള്ള ഒരു ആദരവ് മാത്രമല്ല; അത് അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ തുടർച്ചയാണ്. തീർത്ഥാടകർ എടുക്കുന്ന ഓരോ ചുവടും അദ്ദേഹം സ്വപ്നം കണ്ട ഐക്യത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണ്.

തീർത്ഥാടകന്റെ ഉൾകാഴ്ച സ്വന്തമാക്കുമ്പോഴാണ് ഈ ഇവാനിയൻ പദയാത്ര അർത്ഥവത്തും അനുഭവവേദ്യവും ആയിതീരുന്നത്. ഫലസമൃദ്ധമായ ഒരു വൃക്ഷത്തിലേക്ക് അനേകം പക്ഷികൾ ചേക്കേറുന്നത് പോലെ ആണ്ടുതോറും ലക്ഷക്കണക്കിന് പദയാത്രികൾ ഈ ഋഷിവര്യന്റെ കബറിടത്തിൽ അഭയം കണ്ടെത്തുന്നു. ജീവിതത്തെ സഹനതീർത്ഥാടനമാക്കിയ ഒരു ധന്യജീവിതത്തിന്റെ പാദങ്ങൾ പിഞ്ചെല്ലുന്ന ഏതൊരു പദയാത്രിയ്ക്കും അവർണനിയ അനുഭവമാണ് പദയാത്ര സമ്മാനിക്കുന്നത്.

പുണ്യപിതാവിന്റെ നാമത്തിൽ നടത്തുന്ന പദയാത്രയിൽ പ്രതിവർഷം അനേകം ആത്മീയ അനുഭവങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് ദൈവാനുഗ്രഹത്തിന്റെയും പിതാവിന്റെ പുണ്യ ജീവിതത്തിന്റെയും തെളിവാണ്. അത്തരം അനുഭവസാക്ഷ്യങ്ങൾ പങ്കുവെയ്ക്കാനും അതുവഴി ആ വിശുദ്ധ ജീവിതത്തിന്റെ പരിമളം അനേകരിലേക്കെത്തിക്കാനുമായി **നൂഹറോ ദ് മലങ്കര** എന്ന പേരിൽ അനുഭവസാക്ഷ്യങ്ങളുടെ ഒരു വിവരണം എം.സി.വൈ.എം. പത്തനംതിട്ട രൂപതാ സമിതി പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷം ഞാൻ അറിയിക്കട്ടെ. അനേകരിലേക്ക് ഈ അനുഭവസാക്ഷ്യങ്ങൾ എത്തിക്കാനും അതുവഴി വന്ദ്യ പിതാവിന്റെ ജീവിത വിശുദ്ധിയെപ്പറ്റി ബോധ്യം നല്കാനും ഈ പ്രസിദ്ധീകരണം സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു. ഇതിനുവേണ്ടി പരിശ്രമിച്ച ബഹു. സ്കറിയ പതാലിൽ അച്ചനെയും എം.സി.വൈ.എം ഭാരവാഹികളെയും മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഡോ. സാമുവേൽ മാർ ഐറേനിയോസ്**
**പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ**

MOST REV. DR. SAMUEL MAR IRENIOS ★ DIOCESE OF PATHANAMTHITTA

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

## EPARCHY OF PATHANAMTHITTA

**MOST REV. YOOHANON MAR CHRYSOSTOM**
**(BISHOP JOHN KALLOOR)**
BISHOP EMERITUS

**CHEEKANAL, OMALLOOR P.O.,**
**PATHANAMTHITTA - 689 647**
**KERALA, INDIA**
**E-MAIL : bpdiopta@gmail.com**

## ആശംസ

എല്ലാ മതങ്ങളുടെയും ആധ്യാത്മികതയുടെ ഭാഗമാണ് തീർത്ഥാടനം. തീർത്ഥാടനം തീർത്ഥം തേടിയുള്ള അല്ലെങ്കിൽ പുണ്യം തേടിയുള്ള യാത്രയാണ്. ക്രിസ്തീയ ജീവിതം അനുസരിച്ച് മനുഷ്യജീവിതം തന്നെ ഒരു തീർത്ഥാടനമാണ്. സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള തീർഥയാത്ര. ഭൂമിയിൽ മനുഷ്യർ നടത്തുന്ന തീർത്ഥയാത്രകൾ എല്ലാം ഈ സ്വർഗീയ യാത്രയെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ്.

വർഷങ്ങൾക്ക് മുമ്പ്, മലങ്കരയുടെ പുണ്യ പിതാവ് ധന്യൻ മാർ ഈവാനിയോസ് തിരുമേനി, മുണ്ടൻ മലയുടെ നെറുകയിൽ നിന്ന് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതിന് വേണ്ടി നടത്തിയ ഒരു തീർഥയാത്രയുണ്ട്. ഭിന്നിപ്പിൽ നിന്ന് ഐക്യത്തിലേക്കുള്ള യാത്ര.. നഷ്ടപ്പെട്ടുപോയ ആധ്യാത്മിക ചൈതന്യത്തിൽ നിന്ന് ആധ്യാത്മിക നവീകരണത്തിലേക്കുള്ള യാത്ര.. നഷ്ടപ്പെട്ടുപോയ പ്രേഷിത ദൗത്യത്തിൽ നിന്ന് സുവിശേഷവൽക്കരണത്തിന്റെ പുതിയ തലങ്ങളിലേക്കുള്ള യാത്ര... പുണ്യ പിതാവ് നടന്നു നീങ്ങിയ അതേ 'വഴിയിലൂടെ മലങ്കരയുടെ മക്കൾ പദയാത്രികരായി എല്ലാവർഷവും നടക്കുകയാണ്. ഈ തീർത്ഥയാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ട്. പുണ്യ പിതാവിന്റെ കബറിലെത്തി ആ തിരുശേഷിപ്പുകളിൽ നിന്ന് അനുഗ്രഹം പ്രാപിച്ചു തിരികെ പോകുക എന്നത്. ഒപ്പം ഈ തീർഥയാത്ര സഭകളുടെ ഐക്യത്തിന് വേണ്ടിയുള്ള യാത്രയാവണം. സുവിശേഷ വാഹകരായി മാറുന്നതിനുള്ള യാത്രയാവണം. പുതിയ പ്രേക്ഷിതരായി മാറുന്നതിനുള്ള യാത്രയാകണം. ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഈ വർഷത്തെ പദയാത്ര കാരണമാകട്ടെയെന്ന് എന്ന് പ്രാർത്ഥിക്കുന്നു.

ഈ തീർത്ഥാടന പദയാത്രയിൽ പങ്കെടുത്ത അനേകരുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും സാക്ഷ്യങ്ങളും നമുക്ക് കരുത്ത് പകരും. ഇങ്ങനെയുള്ളവരുടെ അനുഭവക്കുറിപ്പുകൾ വാങ്മയ ചിത്രങ്ങളായി അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന പത്തനംതിട്ട രൂപതയുടെ എംസിവൈഎം ന്റെ ഡയറക്ടർ അച്ചനെയും, അസിസ്റ്റന്റ് ഡയറക്ടർ അച്ചനെയും ഭാരവാഹികളെയും എല്ലാ യുവജനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. പുണ്യ പിതാവിന്റെ കബറിലേക്കുള്ള പദയാത്ര നമ്മുടെ സഭയ്ക്ക് ആകമാനം അനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും സന്ദർഭം ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.....

**പ്രാർത്ഥനാപൂർവ്വം,**

+ Y. m. Chrysostom

**യൂഹാനോൻ മാർ ക്രിസോസ്റ്റം**
**(പ്രഥമ മെത്രാപ്പോലീത്ത, പത്തനംതിട്ട രൂപത)**

www.malankaralibrary.com

# മുഖക്കുറിമാനം

വീഴ്ചയുടെ ആഘാതം സൃഷ്ടിച്ച വഴികളെ താണ്ടി, യോഗീവര്യനായ വിശുദ്ധ പൗലോസ് നേടിയെടുത്ത ദൈവദർശനം. അതൊരു വിശേഷവിളിയായിരുന്നു. ക്രിസ്തുവിന്റെ ജനത്തെ വിശുദ്ധിയോടെ നയിക്കാൻ കാലം കരുതിവച്ച വലിയ മിഷണറി. അവനെ പിൻചെന്നവർ അറിഞ്ഞത് ക്രിസ്തുവിനെ. വിജാതീയരായ മക്കളെ ഹൃദയൈക്യത്തോടെ ചേർത്തു നിർത്താൻ, ദൈവസ്നേഹത്തിന്റെ ആഴവും അർത്ഥവും മനസ്സിലാക്കിക്കൊടുത്ത വിശുദ്ധ പൗലോസിന്റെ തീക്ഷ്ണത പോലെ, മലങ്കരയുടെ പ്രിയമക്കളെ സത്യസഭയുടെ ചൈതന്യത്തിലേക്ക് ആഴപ്പെടുത്തിയ ക്രാന്തദർശിയായ മഹാരഥൻ... ധന്യൻ മാർ ഈവാനിയോസ്...

മുണ്ടൻമലയുടെ ഊർവര ഭൂമിക സന്യാസത്തിന്റെ വിളഭൂമിയാക്കിയ മഹാസന്ന്യാസി മാർ ഇവാനിയോസ്, ബഥനിയുടെ നെറുകയിൽ കൊളുത്തി വച്ച ദീപം ഇന്ന് ലോകമാകെ പ്രശോഭിച്ച് വിളങ്ങുന്നത് അത്രമേൽ ദൈവീക കൃപാകടാക്ഷം കൊണ്ട് തന്നെ. കരുണാപൂർണമായ ദൈവപരിപാലനയുടെ പരിപൂർണ പ്രതിഫലനമായിരുന്നു പുണ്യപുരുഷന്റെ ഭൗമിക ജീവിതം എന്നത് സ്വർഗ്ഗീയ അനുഗ്രഹം. പ്രവാചകതുല്യമായ തന്റെ കർമങ്ങളാൽ പിതാവ്, തനിക്ക് ലഭിച്ച ദൈവീക ദർശനങ്ങൾ ഇവിടെ അന്വർഥമാക്കുകയും സഭൈക്യത്തിന് പാത വെട്ടി തുറന്ന് നൽകുകയും ചെയ്തത്, മലങ്കര മക്കളായ നമുക്ക് സത്യം പുൽകുവാനുള്ള പുണ്യ പാതയായ് മാറി.

പുണ്യം പൂക്കുന്ന സമാഗതമാകുന്ന ദിനങ്ങൾ നോമ്പനുഷ്ഠാനത്തോടെയും പ്രാർത്ഥനയോടെയും മലങ്കര മക്കൾ ജീവിതചര്യയിൽ ചേർക്കുമ്പോൾ, മുണ്ടൻമലയും പട്ടം കബറും മനസ്സിൽ നിറയുകയും, അവ തമ്മിലുള്ള ദൂരം മലങ്കരയുടെ പുണ്യ പിതാവിനോടുള്ള സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും ആഴമായി മാറുകയും ചെയ്യുന്നു.

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി, കഴിഞ്ഞ ഏഴ് വർഷമായി പുറത്തിറക്കുന്ന നുഹ്റോ ദ് മലങ്കര ഈ വർഷവും ദൈവകൃപയാൽ പ്രകാശനം ചെയ്യാൻ യുവജന സഭയ്ക്ക് സാധിക്കുന്നു എന്നത് പുണ്യ പിതാവിന്റെ അനുഗ്രഹമായി കരുതട്ടെ. പ്രാർത്ഥനാമഞ്ജരികളോടെ പദയാത്രയിൽ പങ്കെടുത്തും പുണ്യകബറിൽ നിന്നും മാധ്യസ്ഥം സ്വീകരിച്ചും ജീവിതത്തിൽ കൃപയായ് നിറഞ്ഞ അനേകം സത്യസാക്ഷ്യങ്ങളും അനുഭവങ്ങളും ഈ പതിപ്പിൽ ഹൃദയനിറവോടെ നമുക്കു വായിക്കാം. പ്രകാശിതമായവയെല്ലാം പ്രശോഭിക്കും. ഇങ്ങനെ പ്രശോഭിക്കുന്നതെല്ലാം പ്രകാശമാണ്. (എഫേസോസ് 5 : 12-13)

അനന്തപുരിയുടെ പ്രാർത്ഥനാ വിഹായസ്സിലേക്ക്, മുണ്ടൻമലയിൽ പ്രശോഭിച്ച പ്രകാശവുമായി പദയാത്രികരായി നാം അണിചേരുമ്പോൾ, കാലത്തിനു മുമ്പേ നടന്നു നീങ്ങിയ മഹാമനീഷിയായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ തീക്ഷ്ണത നമ്മുടെ പാതങ്ങളെ ദൃഢപ്പെടുത്തട്ടെ. കാലം കരുതിവച്ച ആ മഹാപ്രതിഭയുടെ ജീവിത മാതൃക നമുക്ക് മാർഗവും ദർശനവുമാകട്ടെ.

എം.സി.വൈ എം പത്തനംതിട്ട ഭദ്രാസന സമിതി 2024 - 25

www.malankaralibrary.com

# മലങ്കരയുടെ പുണ്യമേ ഈ ജീവിതം എത്രയോ ധന്യം...

**മോൺ. വർഗ്ഗീസ് മാത്യു കാലായിൽ വടക്കേതിൽ**
വികാരി ജനറാൾ, പത്തനംതിട്ട ഭദ്രാസനം



മലങ്കരയുടെ പുണ്യ ദിനങ്ങൾ ആഗതമാകുന്നു.... തപസ്ചര്യയുടെയും, സന്യാസനിഷ്ഠയുടെയും അടിസ്ഥാനത്തിൽ ദൈവബന്ധം ഊഷ്മളമാക്കി സഭയ്ക്കും സമൂഹത്തിനും ആത്മീയ ജീവിതത്തിന്റെ നന്മകൾ പ്രദാനം ചെയ്ത പുണ്യ ശ്ലോകനായ ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ഓർമ്മ പെരുന്നാളിന്റെ പുണ്യദിനങ്ങൾ... നന്മയുള്ള ഈ പുണ്യ ദിനങ്ങളിൽ പിതാവിന്റെ ജീവിതം ധ്യാനിക്കുകയും, മാധ്യസ്ഥം തേടുകയും ചെയ്യുമ്പോൾ പിതാവിനെ പോലെ ജീവിക്കുവാനായി നമുക്ക് പരിശ്രമം...

പിതാവിന്റെ ജീവിതത്തെ നമുക്ക് ഇപ്രകാരം മനസ്സിലാക്കാം. ഒരു പുരുഷായുസ്സിന്റെ അധ്വാനം മുഴുവനും ദൈവത്തിനു വേണ്ടി സമർപ്പിച്ച ഈ പുണ്യ ജന്മം ഒരു പ്രകാശഗോപുരം പോലെ അനേകർക്ക് വെളിച്ചം പകർന്ന് അവരെ ദൈവ സമ്പാദനത്തിലേക്കും, ദൈവസേവനത്തിലേക്കും നയിച്ചു. ആത്മീയ ദാരിദ്ര്യത്തിന്റെ അരക്ഷിതാവസ്ഥകൾ സഭയെയും സമൂഹത്തെയും മുറിപ്പെടുത്തിയപ്പോൾ അ മുറിപ്പാടുകൾ ഉണക്കുന്ന ഔഷധമായി തന്റെ തന്നെ ജീവിതത്തെ പിതാവ് രൂപപ്പെടുത്തിയെടുത്തു. ദൈവാശ്രയ ബോധത്തിന്റെ ആഴത്തിൽ താൻ തിരിച്ചറിഞ്ഞ സത്യത്തെ പുൽകുവാൻ തന്നെത്തന്നെ അവിടുന്ന് വിസ്മരിച്ചു. ദൈവ നിയോഗത്തിന്റെ കർമ്മ ഭൂമിയെ ഫലദായകമാക്കുവാൻ തന്റെ പ്രിയപ്പെട്ടവരെയും തനിക്ക് പ്രിയപ്പെട്ടവയെയും അവിടുന്ന് ധൈര്യപൂർവ്വം വേണ്ട എന്ന് വെച്ചു. തനിക്കും ദൈവത്തിനും ഇടയിൽ മറ്റാരും മറ്റൊന്നും ഒരു തടസ്സമല്ല എന്ന് ജീവിതം കൊണ്ട് കാണിച്ചുതന്ന പൂർവപിതാവായ അബ്രഹാമിനെ പോലെ ദൈവഹിതത്തിനു മുൻപിൽ അതെ എന്നു മാത്രം ഉരുവിട്ടുകൊണ്ട് തന്റെ ജീവിതത്തെ അവിടുന്ന് പടുത്തുയർത്തി. തനിക്ക് എന്തു നഷ്ടമുണ്ടായാലും ദൈവീക പദ്ധതിയിലോ ദൈവീക ശുശ്രൂഷകളിലോ വീഴ്ചകൾ ഉണ്ടാകരുതെന്ന് അദ്ദേഹം ശഠിച്ചിരുന്നു... സ്വർഗ്ഗത്തിലെ തന്റെ അപ്പന്റെ ഹിതം നിറവേറ്റുവാൻ തന്നെത്തന്നെ ബലിദാനമായി നൽകിയ പുത്രൻ തമ്പുരാന്റെ ജീവിതത്തെ വചനബദ്ധമായ ജീവിതത്തിലൂടെ അടുത്തനുകരിച്ച പിതാവ് 'മിശിഹാനുകരണം' എന്ന പാസ്സ്‌വേർഡിൽ തന്റെ ജീവിതത്തെ കാച്ചികുറിക്കി മെനഞ്ഞെടുത്തു.. കാലം എത്ര കഴിഞ്ഞിട്ടും ഒളി മങ്ങാതെ ആ പുണ്യ ജീവിതം വഴികാട്ടുന്ന പ്രകാശ സ്തംഭമായി നമ്മുടെ മുൻപിൽ ജ്വലിച്ച് നിൽക്കുന്നു.

പട്ടത്തെ കബർ ചാപ്പലിലേക്ക് യാത്ര ചെയ്യുമ്പോൾ ദൈവത്തെ മാത്രം കൂട്ടുപിടിച്ച് കണ്ണീരിന്റെ കനൽ വഴികൾ താണ്ടിയ ആ പുണ്യ ജീവിതത്തിന്റെ ഓർമ്മകൾ നമ്മെ ബലപ്പെടുത്തുന്നു... ധന്യൻ മാർ ഈവാനിയോസ് പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ... എന്ന പ്രാർത്ഥനാ മഞ്ജരി നമ്മുടെ ഹൃദയത്തിൽ നിന്നും, അധരത്തിൽ നിന്നും ആത്മാർത്ഥമായി ഉയരട്ടെ... കാരണം ദൈവം വഴിനടത്തുമെന്ന് ഈ പുണ്യ പിതാവ് തന്നെ ജീവിതത്തിൽ നിന്ന് നമ്മെ പഠിപ്പിച്ചു... ആ ദൈവീക വഴിനടത്തിപ്പിൽ ആശ്രയിക്കുവാൻ അവിടുന്ന് നമ്മെ പരിശീലിപ്പിച്ചു... ഈ ആത്മബന്ധത്തിന്റെ തണലിൽ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ കൂടുതൽ അനുഗൃഹീതമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# പ്രത്യാശയോടെ പദയാത്രികരാകാം...

പുണ്യശ്ലോകനായ ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 72-ാം ഓർമ്മപെരുന്നാളിൽ സംബന്ധിക്കുവാൻ നാം ഒരുങ്ങുമ്പോൾ നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം വന്ദ്യപിതാവിനെ ഞങ്ങൾക്ക് തിരുസഭയിൽ ഒരു വിശുദ്ധനായി നൽകണമെയെന്ന്. 45-ാമത് തീർത്ഥാടന പദയാത്രയിൽ ഒരു പദയാത്രികനായി സംബന്ധിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലും ഒരു തീർത്ഥാടകനായി, പദയാത്രികനായി സംബന്ധിച്ചപ്പോൾ ദൈവം മാർ ഈവാനിയോസ് പിതാവിലൂടെ നൽകിയ അനുഗ്രഹങ്ങൾക്കും നന്മകൾക്കും നന്ദിയർപ്പിക്കുന്നു. പ്രാർത്ഥനയുടെ അനേക ജീവിതങ്ങളെ നേരിട്ട് കാണുവാനും കൂടെ നടക്കാനും കഴിഞ്ഞു എന്നത് ഒത്തിരി ചാരിതാർത്ഥ്യം നൽകുന്ന ഒന്നാണ്.

വന്ദ്യ പിതാവിന്റെ ജീവിതം മലങ്കര മക്കൾക്ക് എന്നും പ്രചോദനവും അനുകരണീയവുമാണ്. സ്വയം ത്യജിക്കുമ്പോൾ മാത്രമെ ദൈവസമ്പാദനം സാധ്യമാകു എന്ന് വന്ദ്യ പിതാവ് തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിച്ചു. എം. ഡി. സെമിനാരിയിൽ നിന്ന് സെറാമ്പൂരിലേക്കും അവിടെനിന്ന് മുണ്ടൻമലയിലേക്കും അദ്ദേഹം നടത്തിയ യാത്ര ശൂന്യവൽകരണത്തിന്റേതായിരുന്നു. സുഭിക്ഷതകൾ നിറഞ്ഞിടത്തുനിന്നും ഒരു മൺചട്ടിയും കാഷായവേഷവും സ്വീകരിക്കാൻ തന്നെ തന്നെ ശൂന്യനാക്കിയ ഒരു ഋഷി വര്യന്റെ പാത എത്ര ശ്രേഷ്ഠമാണ്. എല്ലാം ദൈവം നോക്കിക്കൊള്ളും എന്ന ദൃഢസ്വരത്തിന്റെ ആഴം അന്തരംഗത്തിൽ നിന്നു മാത്രമെ കേൾക്കാനാവൂ.



പദയാത്രയിൽ സംബന്ധിക്കുമ്പോൾ ഈ ദൈവ സമ്പാദനവും പ്രത്യാശയും നമുക്കും കൈമുതലാക്കാം. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചുകൊണ്ട് ഏവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവം
ജോബച്ചൻ
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ

www.malankaralibrary.com

# അനുഗ്രഹങ്ങളുടെ ഉറവയിൽനിന്ന് കലവറയിലേക്ക്



**ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ**
അസ്സി. ഡയറക്ടർ, എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം

**പെരുനാടിന്റെ പുണ്യമായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 72 മത് ഓർമ്മ തിരുനാളിന്റെ അനുഗൃഹീതമായ ദിവസങ്ങളിലൂടെ കടന്നു പോകുമ്പോൾ ഏറെ അഭിമാനവും, സന്തോഷവും നിറയുന്നു...**

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ അനുഗൃഹീതമായ മണ്ണാണ് റാന്നി - പെരുനാട് കുരിശുമല തീർത്ഥാടന പള്ളി. പട്ടം കബർ നമ്മുടെ അനുഗ്രഹങ്ങളുടെ കലവറയായി നിലകൊള്ളുമ്പോൾ ഒന്നുറപ്പാണ്, 'ഏത് കലവറയും നിറയണമെങ്കിൽ ഒരു ഉറവ ഉണ്ടാകണം.' റാന്നി പെരുനാട് മലങ്കര സഭയുടെ മാത്രമല്ല നാനാ ജാതി മതസ്ഥരുടെ അനുഗ്രഹങ്ങളുടെ ഉറവയാണ്. പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലാണ് റാന്നി പെരുനാട്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര ആണ്ടുതോറും നടത്തപ്പെടുമ്പോൾ മലങ്കര കത്തോലിക്കാ സഭ ലോകത്തോട് പ്രഘോഷിക്കുന്ന ഒരു വലിയ സത്യം, റാന്നി പെരുനാട്ടിൽ നിന്നും ഒന്നുമില്ലാത്തവനായി സ്വയം ശൂന്യവൽക്കരിക്കപ്പെട്ടവൻ. പഴയ നിയമ ചരിത്രത്തിൽ അബ്രഹാമിനെ ദൈവം വിളിച്ചു വേർതിരിച്ച് വലിയൊരു ജനതയാക്കി മാറ്റിയത് പോലെ, മാർ ഈവാനിയോസ് പിതാവിന്റെ വിളിയും നിയോഗവും കേവലം ഒരു മാനുഷിക തീരുമാനമല്ല. പിന്നെയോ,ആ പുണ്യവാന്റെ ജീവിതത്തിൽ ദൈവം കയ്യൊപ്പ് ചാർത്തിയതാണെന്ന് ഒരിക്കൽ കൂടി ലോകത്തോട് വിളിച്ചുപറയുന്നു.

കാൽനടയായി പെരുനാട്ടിൽ നിന്നും നടന്നു തുടങ്ങുമ്പോൾ ഒരു ലക്ഷ്യം മാത്രം പട്ടത്തുള്ള കബറിൽ എത്തി 'മലങ്കരയുടെ കാവൽ പിതാവേ ഞങ്ങൾക്ക് വേണ്ടി കാവലായിരിക്കണമേ' എന്ന് ആവർത്തിച്ച് പ്രാർത്ഥിച്ചു കബറിനെ വണങ്ങി ആയുസ് ആവതുള്ള കാലമത്രയും നടക്കണം എന്നുള്ള ആഗ്രഹത്തോടെ ജീവിതത്തിന്റെ നിയോഗങ്ങളിലേക്ക് യാത്രയാകുന്നു. മനസ്സിൽ കരുതിയ നിയോഗങ്ങൾ ഓർത്തെടുത്ത് പ്രാർത്ഥന മന്ത്രങ്ങൾ ഉരുവിടുന്നതിനേക്കാൾ എനിക്കിഷ്ടം ആ പുണ്യവാന്റെ ജീവിതം ധ്യാനിച്ച് പദയാത്രികനായി മാറുവാനാണ്. ആ പുണ്യവാന്റെ ജീവിത ധ്യാനം തന്നെ ഒരു പ്രാർത്ഥനയാണ്. ധന്യൻ ദൈവഹിതത്തിന് വഴങ്ങി സത്യം തിരിച്ചറിഞ്ഞതുപോലെ നമുക്കും ദൈവഹിതത്തിന് താഴ്ന്ന് നമ്മെത്തന്നെ സമർപ്പണം നടത്തുവാനുള്ള അവസരം.

ഈ നല്ല നാടിന്റെ ആത്മീയ ചൈതന്യം പേറി ആർഷഭാരതത്തിന്റെ സന്യാസ ദർശനവും മലങ്കര സഭയുടെ പൈതൃകവും പേറി സന്യാസം ജീവിച്ച ദൈവത്തെ സമ്പാദിച്ച ഒരു സാധാരണ മനുഷ്യൻ എന്റെ ജീവിതത്തിൽ മാർ ഈവാനിയോസ് പിതാവിനോട് മാധ്യസ്ഥം ചോദിക്കുന്നതിനപ്പുറം ഒരു നല്ല സുഹൃത്തായി കാണുവാനാണ് എനിക്കിഷ്ടം. അതുകൊണ്ടുതന്നെ ഈ പുണ്യവാന്റെ ജീവിത വഴികൾ താണ്ടി നടന്നു നീങ്ങുമ്പോൾ ഞാൻ തിരിച്ചറിയുന്നു..

ആ പുണ്യവാന്റെ ജീവിതത്തെ തിരിച്ചറിഞ്ഞ് നാം ജീവിക്കേണ്ടത് ഒരു ദൈവിക മനുഷ്യനപ്പുറം മനുഷ്യസ്നേഹിയായി മാറി മനുഷ്യന്റെ നൊമ്പരങ്ങൾ തിരിച്ചറിഞ്ഞ് മനുഷ്യമനസ്സുകളെ സ്വന്തമാക്കി ദൈവത്തെ കാട്ടിക്കൊടുത്ത് ക്രിസ്തുവിലേക്ക് അവരെ ചേർത്തുപിടിക്കുക എന്നതാണ് സത്യം. എന്റെ ജീവിതത്തിലെ വലിയ ഭാഗ്യമായി ഞാൻ കാണുന്നത് ആ പുണ്യവാന്റെ ജീവിതത്തിന്റെ താളവും ആ പുണ്യവാന്റെ ജീവശ്വാസമായി മാറിയിട്ടുള്ള പെരുനാടിന്റെ ആത്മീയ ഗോപുരമായി നിലകൊള്ളുന്ന റാന്നി പെരുന്നാട് കുരിശുമല തീർഥാടന പള്ളിയിൽ പൗരോഹിത്യ ശുശ്രൂഷ ചെയ്യാൻ സാധിച്ചു എന്നുള്ളതാണ്.

നമുക്കും ഈ പദയാത്രയിൽ പ്രാർത്ഥനയോടെ പങ്കുചേരാം...

www.malankaralibrary.com



# അനുഗ്യഹീതമീ തീർത്ഥാടനം

**സി. ജൊവാൻ SIC**, ആനിമേറ്റർ, എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം

ധന്യൻ മാർ ഈവാനിയോസ്: ബഥനി പ്രസ്ഥാനത്തിന്റെ സ്ഥാപകൻ, പുനരൈക്യ പ്രണേതാവ്, ആർഷ ഭാരത സംസ്ക്കാരം നെഞ്ചോട് ചേർത്ത സന്യാസവര്യൻ, ഭാരതന്യൂമാൻ എന്ന ഇതിഹാസ പുരുഷൻ, വിജ്ഞാന ദാഹിയായ പണ്ഡിതൻ; ഈ ശ്രേഷ്ഠതാതന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പട്ടം കബറിങ്കലേക്ക് നടത്തുന്ന തീർത്ഥാടന പദയാത്ര അനേകർക്ക് അനുഗ്രഹമായി തീരുന്നു. നോമ്പ് നോറ്റ്, ത്യാഗം ഏറ്റെടുത്ത്, മഴയും വെയിലും ഏറ്റുവാങ്ങിയുള്ള ആ പുണ്യയാത്രയിൽ വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം നമ്മുടെ ജീവിതത്തിൽ ധാരാളം അനുഗ്രഹങ്ങൾ ചൊരിഞ്ഞു തരുന്നു.

'അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. (യോഹ: 17:21) എന്ന തിരുവചനം അന്വർത്ഥമാകുംവിധം എല്ലാവരും ഒന്നാകുവാൻ സർവ്വവും വിട്ടെറിഞ്ഞ് സത്യത്തിന്റെ പാതയിലൂടെ സഞ്ചരിച്ച മഹാത്മാവിന്റെ കബറിങ്കലേക്ക് കഴിഞ്ഞ കാലയളവുകളിൽ പദയാത്രയായി പോയപ്പോഴെല്ലാം നിരവധിയായ അനുഗ്രഹങ്ങളാണ് ലഭിച്ചത്. വ്യക്തിപരമായും അനേകർക്കു വേണ്ടിയും നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ അവയെല്ലാം പിതാവിന്റെ മദ്ധ്യസ്ഥതയിൽ നേടി തന്നു. അതിൽ ലഭിച്ച ഒരു അനുഗ്രഹം എടുത്തു പറയട്ടെ. കുടുംബനാഥന്റെ മദ്യപാനം മൂലം സമാധാനമില്ലാതെ, ജീവിക്കാൻ മാർഗ്ഗമില്ലാതെ , ആത്മഹത്യയുടെ വക്കിലെത്തിയ ഒരു കുടുംബത്തെ ഈ പദയാത്രയിൽ ഞാൻ സമർപ്പിച്ചു പ്രാർത്ഥിച്ചപ്പോൾ മദ്യപാനം നിർത്തി സമാധാനത്തോടും സന്തോഷത്തോടും ജോലി ചെയ്ത് ആ കുടുംബം ഇന്ന് ജീവിക്കുന്നത് കാണുമ്പോൾ വന്ദ്യപിതാവിനെ നന്ദിയോടെയല്ലാതെ സ്മരിക്കുവാൻ സാധിക്കുകയില്ല. വന്ദ്യ പിതാവിനെയോർത്ത് യേശുവേ നന്ദി!

കഴിഞ്ഞ പദയാത്രയിൽ ഒരു ദിവസം പൂർണ്ണമായി നടക്കുവാൻ സാധിക്കുമെന്ന് ഞാൻ കരുതിയതേയില്ല. ശാരീരികമായ അസ്വസ്ഥതകൾ അത്രയധികം ആയിരുന്നു. എന്റെ ദൈവം തമ്പുരാൻ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഞ്ച് പൂർണ്ണ ദിവസങ്ങളും നടക്കുവാൻ എനിക്ക് ഇടയാക്കി.

സത്യസഭയെ പുൽകിയ മലങ്കര കത്തോലിക്കാ സഭ, ധന്യൻ മാർ ഈവാനിയോസ് പിതാവിനാൽ വളർത്തപ്പെട്ട് ഇവിടെ വരെ എത്തി നിൽക്കുമ്പോൾ നമുക്ക് അഭിമാനം മാത്രമേ ഉള്ളൂ. വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥതയിൽ വളരെ അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ വന്ദ്യ താതനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തണമെയെന്ന് പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ, ബഥനി സമൂഹത്തെ, യുവജനപ്രസ്ഥാനത്തെ ആത്മീയമായും ഭൗതീകമായും വളർത്താൻ വന്ദ്യ പിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം. ദൈവംതമ്പുരാൻ നമ്മെ ഏവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

www.malankaralibrary.com

# മലങ്കരയുടെ മകുടം



**ബിബിൻ എബ്രഹാം**
എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ്

**പാവനമാം സ്മരണകളിന്നുയരുന്നു
ഞങ്ങടെ ഹൃദയങ്ങളിലെന്നെന്നും...**

അനുഗൃഹീതമായ ദിനങ്ങൾ... ആനന്ദമേകുന്ന പുലരികൾ... ആശ്വാസമേകുന്ന പാതകൾ... മലങ്കരയുടെ മണിമകുടമായ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയിൽ സഭാമക്കൾ ഒന്നായി പ്രാർത്ഥനയോടെ വ്രതനിഷ്ഠയോടെ പദയാത്രികരായ് പട്ടം കബറിലേക്ക് പ്രയാണം ചെയ്യുമ്പോൾ നമുക്കിത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും പുണ്യയാത്ര.

സഭയുടെ ഊടും പാവും ശക്തിയുമായ 'യുവജനസഭ' ധന്യ പിതാവിന്റെ ജീവിതം തൊട്ടറിഞ്ഞ് ആത്മീയമായി ഒരുങ്ങി പദയാത്രികരായി അണിചേരുമ്പോൾ, അത് വെറും പ്രകടനമല്ല മറിച്ച്, 'ഒരു തൊഴുത്തും, ഒരു ഇടയനും' എന്ന ക്രിസ്തുദർശനത്തെ പിൻചെല്ലാൻ പഠിപ്പിച്ച മാർ ഈവാനിയോസ് എന്ന വലിയ ഇടയനോടുള്ള ആദരവും ആ കബറിൽ നിന്നു സ്വീകരിക്കുന്ന ആത്മീയ അനുഭവവുമാണ്.

പുനരൈക്യം എന്ന കൂട്ടായ്മയുടെ മഹാആശയം മലങ്കരയിൽ തീർത്ത മാറ്റം, സത്യത്തെ ചേർത്തുപിടിച്ച് ക്രിസ്തുവിനെ ആലിംഗനം ചെയ്യാനുള്ള വിളിയായിരുന്നു. നമ്മിലൂടെ ഇന്നും ഇനിയും തുടരേണ്ട ഈ പുനരൈക്യം, ഓരോ പദയാത്രയിലും നാം ഏറ്റുപറയുന്നു കൂടിയുണ്ട്. സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ മാർ ഈവാനിയോസ് പിതാവ് നിരന്തരം പ്രാർത്ഥിക്കുന്നതും അതു തന്നെയാണ്.

ആത്മീയതലത്തിൽ നിന്നുകൊണ്ട് മാത്രമല്ല, സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ മേഖലകളിൽ തന്റെ ശക്തമായ അഭിപ്രായങ്ങളും നേതൃത്വവും നൽകിക്കൊണ്ട്, സമൂഹത്തിൽ എങ്ങനെ ജീവിക്കണം എന്ന മാതൃക കൂടി വന്ദ്യ പിതാവ് നമുക്കു നൽകുന്നു. മലങ്കരയുടെ യുവജനങ്ങളെ, നിങ്ങളെ ആഹ്വാനം ചെയ്യുന്നത് ഈ ഒരു വിളിയും ദൗത്യവും തിരിച്ചറിയുന്നതിനാണ്. എന്തെങ്കിലും പ്രവർത്തിക്കുന്നവരാകാനല്ല, മറിച്ച് നമ്മുടെ പ്രവർത്തനങ്ങൾ സഭയിലും സമൂഹത്തിലും എന്തെങ്കിലും ആയിത്തീരാനാണ്. മഹിതാചാര്യനായ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥം തേടി പദയാത്രയിൽ പങ്കെടുക്കുമ്പോൾ, നമ്മുടെ ദൗത്യം മനസ്സിലാക്കി, ഐക്യത്തിന്റെ വെളിച്ചം ലോകശാന്തിക്കു പകർന്നു നൽകാനുള്ള ധൈര്യവും വിവേകവും നേടുവാൻ പ്രാർത്ഥിക്കാം. ഒരു വിശുദ്ധന്റെ മാധ്യസ്ഥം മലങ്കരയ്ക്കു ലഭിക്കുവാനുള്ള സ്വർഗ്ഗീയ ഇടപെടലിനായും നമുക്ക് നിയോഗം സമർപ്പിക്കാം.

പ്രാർത്ഥനാശംസകളോടെ...
എം.സി.വൈ.എം.
മുളന്തറ യൂണിറ്റ്

www.malankaralibrary.com



# മലങ്കരയുടെ മഹിതാചാര്യൻ

**സുബിൻ തോമസ്**
പത്തനംതിട്ട ഭദ്രാസന ജനറൽ സെക്രട്ടറി

മഹിതമുനിതൻ മഹാചാര്യൻ...
ഭാരത പുനരൈക്യനായകൻ..
മലങ്കരയിൻ പാലകൻ...
ബഥനി തൻ ആശ്രമവേദിയിലാകുവാൻ
മാമലകൾ വെടിഞ്ഞിടുന്നു.
നേരിന്റെ പാതയിൽ താഴ്ന്നിറങ്ങിയ
മഹിതമാനസൻ മാർ ഈവാനിയോസ്.....

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ പുണ്യപാതയിൽ നടന്നു നീങ്ങുന്ന 45 മത് പുണ്യ തീർത്ഥാടന പദയാത്ര... ഓരോ പദയാത്രയും പുനരൈക്യം എന്ന വലിയ സത്യത്തെ നമ്മിലേക്ക് ഓർമ്മപ്പെടുത്തുകയാണ്. വിശ്വാസജീവിതത്തിന്റെ വലിയ ആയുധമായ വിശുദ്ധ ബൈബിളും കയ്യിലേന്തി മാമലകൾ വെടിഞ്ഞ് ആർഷവര്യൻ നമുക്ക് വേണ്ടി പൊരുതിയെടുത്ത സാക്ഷ്യം. ദൈവത്തിന്റെ വഴികളെ പിന്തുടർന്ന ശ്രേഷ്ഠ വ്യക്തിത്വം.ആ പുണ്യവാന്റെ കബറിടം ലക്ഷ്യമാക്കി, നമ്മുടെ 'ഭാഗ്യങ്ങളുടെ കലവറയിലേക്ക്' വീണ്ടും നടന്ന് നീങ്ങാം...

യേശുനാഥന്റെ സ്നേഹഹൃദയമാണ് തിരുസഭയുടെ മാറിടത്തിൽ സ്പന്ദിക്കുന്നത്. സ്നേഹനാഥന്റെ ജീവദായകമായ കഷ്ടാനുഭവവും മരണവും പുനരുത്ഥാനവും വഴി വീണ്ടെടുത്ത മനുഷ്യകുലം ഒന്നടങ്കം രക്ഷാകരമായ വിശുദ്ധ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നത് കാണുവാൻ അവിടുത്തെ ഹൃദയം അവിശ്രാന്തം കത്തിയെരിഞ്ഞുകൊണ്ടിരിക്കുകയാണ്!
(ധന്യൻ മാർ ഈവാനിയോസ് )

ത്യാഗം എന്ന വലിയൊരു ആയുധം മുറുകെപ്പിടിച്ചുകൊണ്ട് റാന്നി പെരുന്നാട് മുണ്ടൻ മലയിൽ നിന്നും പട്ടം വരെ നീണ്ടുനിക്കുന്ന അഞ്ചു ദിവസത്തെ പദയാത്രയുടെ ദൈർഘ്യം പദയാത്രികരിൽ വലിയൊരു അനുഭവവും അതിലുപരി അനുഗ്രഹവുമായി തീരും, പ്രായമായവർ മുതൽ കുഞ്ഞ് കുട്ടികൾ വരെ ഒരേ മനസ്സോടെ, ഒരേ ചുവടുകളോടെ, പ്രാർത്ഥന മന്ത്രങ്ങളോടെ നടന്ന് നീങ്ങുന്നു. ക്രിസ്തീയ സന്യാസം കേവലം ത്യാഗമല്ല അത് ദൈവസമ്പാദനം ആകുന്നു എന്ന വലിയൊരു തെളിവുകൂടിയാണ് ഈ പദയാത്ര, വന്ദ്യ പിതാവ് പകർന്നുനൽകിയ ആത്മീയതയുടെ നിറവിൽ നിന്നുകൊണ്ട് മലങ്കര സഭയെ ഒന്നാകെ ആ പുണ്യവാന്റെ പ്രാർത്ഥനാ ചൈതന്യത്തിനായി മുന്നോട്ടു ചുവടുകൾ വയ്ക്കുമ്പോൾ ശാരീരികവും മാനസികവുമായ യാതൊരു ബുദ്ധിമുട്ടുകളെയും വകവയ്ക്കാതെ പ്രാർത്ഥനാ ഗീതങ്ങൾ ഉരുവിട്ടുകൊണ്ട് പട്ടം കബറിൽ എത്തിച്ചേരും, ഭാരതത്തിന്റെ നാനാഭാഗത്തുനിന്നും കടന്നുവരുന്ന വ്യത്യസ്തമായ മനുഷ്യമനസ്സുകൾ ഒന്നായി, ഒരു കുടുംബമായി മുന്നോട്ട് നടന്നു നീങ്ങുന്ന സുന്ദരമായ കാഴ്ച്ച.

വെയിലെന്നോ മഴയെന്നോ നോക്കാതെ ഓരോ കാൽവെയ്പ്പുകളും ഓരോ നിയോഗങ്ങളായി മാറി...... പദയാത്രയുടെ ലക്ഷ്യമായ പട്ടം കബറിൽ എത്തിച്ചേരുമ്പോൾ ഈ പദയാത്ര സമൂഹത്തിന് വലിയൊരു അനുഗ്രഹമായിത്തീരുവാൻ അതിനുവേണ്ടി പ്രാർത്ഥിക്കുവാൻ കടന്നുവരുന്നത് ആയിരങ്ങളാണ്, ഓരോ പ്രാർത്ഥനകളും സ്വർഗ്ഗത്തി ലേക്ക് ഉയരുമ്പോൾ വചനം നമ്മെ ഇപ്രകാരം ഓർമിപ്പിക്കുന്നു

'നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹമാണ്' (സുഭാ. 10.7)

**ധന്യൻ മാർ ഈവാനിയോസ് പിതാവേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...**

www.malankaralibrary.com



# ദൈവ സേവനത്തെക്കാൾ ദൈവ സമ്പാദനം അത്യുത്തമം

**മോനു ജോസഫ്**, സഭാതല പ്രസിഡന്റ്

മലങ്കരയുടെ പുനരൈക്യ സാരഥി സഭൈക്യത്തിന്റെ വക്താവ് ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഇവാനിയോസ് പിതാവിന്റെ 72-ാം ഓർമ തിരുനാളിനോട് അനുബന്ധിച്ച് വന്ദ്യ പിതാവിന്റെ ഖബറിലേക്ക് നടത്തപ്പെട്ട 44-ാം തീർത്ഥാടനപദയാത്രയിൽ ആദ്യമദ്ധ്യാന്തം ഒരു സഹതീർത്ഥാടകൻ ആകാൻ സാധിച്ചതിൽ എനിക്ക് ഒരുപാട് ഹൃദയ ആനന്ദമുണ്ട്. വ്യക്തിപരമായി വിവിധ കാരണങ്ങളാൽ 2024ലെ തീർത്ഥാടനപദയാത്ര എനിക്ക് സവിശേഷമായ ഒന്നായിരുന്നു.

വളരെ പ്രത്യേകമായി ഞാൻ എം.സി.വൈ.എം സഭാതല സമിതിയുടെ അധ്യക്ഷ സ്ഥാനത്ത് വന്നശേഷം ഞങ്ങളുടെ സമിതിയുടെ നേതൃത്വത്തിൽ ക്രമീകരിക്കപ്പെട്ട ആദ്യ പദയാത്ര ആയിരുന്നു ഇത്. പെരുനാട്ടിൽ നിന്ന് പദയാത്രയിൽ ഞാൻ ആദ്യമായി പങ്കെടുത്തു എന്ന് സന്തോഷവും ഉണ്ട്.

അതുപോലെ തന്നെ നമ്മുടെ പരി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ക്ലീമിസ് കാതോലിക്ക ബാവാ പിതാവും മറ്റു പിതാക്കന്മാരും അഞ്ചു ദിവസവും ഈ പദയാത്രയിൽ പങ്കെടുത്തു. വളരെ പ്രത്യേകമായി പരി. ഫ്രാൻസിസ് പാപ്പ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഇവാനിയോസ് പിതാവിനെ 'ധന്യൻ' പദവിയിലേക്ക് ഉയർത്തിയതിന് ശേഷം നടന്ന ആദ്യ പദയാത്ര എന്ന സവിശേഷതയും ഉണ്ട്.

'സാഗരം സാഗരോപമം' എന്ന മഹദ് വ്യക്തികളെക്കുറിച്ച് പറയാറുണ്ട്. അവിഭക്ത മലങ്കര സഭയിലെ ഒരു മഹാമേരു ആയിരുന്ന ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഇവാനിയോസ് പിതാവ്. സ്വർഗ്ഗത്തിന്റെ പദ്ധതിയുടെ സഫലീകരണത്തിനായി സകലതും ഉപേക്ഷിച്ചു സത്യ സഭയായ പരിശുദ്ധ കത്തോലിക്ക സഭയുടെ ഭാഗഭാഗത്വത്തിലേക്ക് തിരിച്ചു 'നടക്കാൻ' തയ്യാറായതിന്റെ വലിയ അനുസ്മരണം തന്നെയാണ് ഓരോ തീർത്ഥാടന പദയാത്രയും.

ധന്യൻ മാർ ഇവാനിയോസ് പിതാവ് തെളിയിച്ചുയർത്തിയ 'ബഥനി പ്രസ്ഥാനം' എന്ന ദീപസ്തംഭത്തിന്റെ ചരിത്രം പേറുന്ന റാന്നി പെരുന്നാട്ടിന്റെ മണ്ണിൽ നിന്ന് പരിശുദ്ധ കുർബാനയോട് കൂടി സഭയുടെ തലവനും പിതാവും ആയ അത്യഭിവന്യ കാതോലിക്കാ ബാവ പിതാവിന്റെയും മറ്റു പിതാക്കന്മാരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും പ്രാർത്ഥനാശീർവാദങ്ങളോടു കൂടി സമാരംഭിക്കുന്ന തീർഥയാത്ര സ്ഥലകാലാതിർത്തികളെയും കാലാവസ്ഥയിലെ വെല്ലുവിളികളെയും അതിജീവിച്ച് മാർ ഈവാനിയോസ് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ കബറിലേക്ക് എത്തിച്ചേരുമ്പോൾ സ്വർഗ്ഗം ഇതുവരെ ഈ ചെറിയ സമൂഹത്തെ പരിപാലിച്ചതിന്റെ വലിയ സാക്ഷ്യം പൊതുസമൂഹത്തിന്റെ മുൻപാകെ പ്രഖ്യാപിക്കുക തന്നെയാണ് ചെയ്യുന്നത്.

എന്തായിരുന്നു ഈ പദയാത്രയിലെ മറക്കാനാവാത്ത അനുഭവം അല്ലെങ്കിൽ എന്ത് നേടി എന്ന ചോദ്യത്തിന് കേവലമായ ഒരു ഉത്തരം ഇല്ല. മുൻപ് ഒരു തീർത്ഥാടകനായി മാത്രം സംബന്ധിച്ചിരുന്ന ഞാൻ ഈ തവണ ഒരു സംഘടകനായി. അതു കൂടുതൽ സൂക്ഷ്മമായി ഇതിനെ നോക്കിക്കാണാൻ എന്നെ സഹായിച്ചു.

സഭ ഒന്നായി 'ദൈവ സേവനത്തെക്കാൾ ദൈവ സമ്പാദനം അത്യുത്തമം' എന്നത് ജീവിതത്തിന്റെ ആപ്തവാക്യമായി സ്വീകരിച്ച ഒരു പുണ്യ യതീവരന്റെ ജീവിത പന്ഥാവിലൂടെ പ്രാർത്ഥനാ മന്ത്രങ്ങൾ ഉരുവിട്ട് ധ്യാനാത്മകമായി ഒരു യാത്ര നടത്തുന്നു. ഇവിടെ ജാതി മത വ്യത്യാസങ്ങളെ ഭേദിച്ചു ജനഹൃദയങ്ങളെ ആഴത്തിൽ സ്പർശിച്ചു പോകുന്ന ക്രിസ്തുവിന്റെ യഥാർത്ഥ സ്നേഹം നമുക്ക് ദർശിക്കാൻ സാധിക്കും.

എന്നാൽ എന്നെ എപ്പോഴും ആകർഷിക്കുന്ന വളരെ സവിശേഷമായ കാഴ്ച എന്തെന്നാൽ,

www.malankaralibrary.com

മലങ്കര യുടെ പുണ്യപിതാവിന്റെ, ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ, ജീവിതത്തിനു സ്വർഗത്തോട് നന്ദി പറഞ്ഞു നടത്തപ്പെടുന്ന ഈ പദയാത്രയിൽ മലങ്കര സഭ ഒന്നാകെ സഭയിലെ 'യുവജനങ്ങളുടെ' നേതൃത്വത്തിൽ ഒരുമിച്ചു യാത്ര ചെയുന്നു എന്നതാണ്.

ഇത് യുവജന പ്രസ്ഥാനത്തിന്റെ ഒരു കർമ്മ പരിപാടി അല്ല. സഭയുടെ വിശ്വാസ പ്രഖ്യാപനത്തിന് കാലങ്ങളായി നേതൃത്വം നൽകുന്നതിന് എം.സി.വൈ.എം വിളിച്ചു വേർതിരിക്കപ്പെട്ടിരിക്കുന്നു. പത്തനംതിട്ട - തിരുവനന്തപുരം ഭദ്രാസനങ്ങളിലെ എം.സി.വൈ.എം നേതൃത്വം, നമ്മുടെ യുവജനങ്ങൾ പ്രത്യേകമായി ഇതിനായി അക്ഷീണം പ്രാർത്ഥിച്ചു ഒരുങ്ങി പരിശ്രമിക്കുന്നു.

ഇതൊരു വലിയ സാക്ഷ്യം ആണ് 'സഭയുടെ ഇന്ന്' ആയ യുവജനങ്ങൾ കാലഘട്ടത്തിന്റെ ഗതിവിഗതികൾക്കെതിരെ നിന്ന് തങ്ങളെ രൂപപ്പെടുത്തിയ സഭയെയും, വിശ്വാസത്തേയും പിതാക്കന്മാരെയും ധൈര്യപൂർവം സാക്ഷ്യപ്പെടുത്തുന്നു. മറ്റു ഭദ്രാസനങ്ങളിലെയും തീർത്ഥാടന പദയാത്രക്ക് യുവജങ്ങൾ നേതൃത്വം കൊടുക്കുന്നു. ഇതൊരു വിശ്വാസപ്രഖ്യാപനം ആണ്. കാഷായ വസ്ത്രധാരികളായി നോമ്പ് എടുത്ത് 'നമ്മുടെ ഭാഗ്യങ്ങളുടെ കലവറയിലേക്ക്' പുണ്യതാതന്റെ കബറിലേക്ക് എത്തുമ്പോൾ 'വിശ്വാസം ജീവിക്കുന്ന ' ഒരു യുവ തലമുറ തന്നെയാണ് 'ഈ കലവറയെ' സമ്പന്നമാക്കി നിർത്തുന്നത് എന്നതിൽ സംശയം ഇല്ല.

സ്വർഗത്തിൽ, ആഗോളസഭയിൽ അൾത്താര വണക്കത്തിന് മലങ്കരയുടെ പുണ്യതാതനെ ആർച്ചുബിഷപ്പ് മാർ ഇവാനിയോസ് പിതാവിനെ 'വിശുദ്ധ ' പദവിയിലേക്ക് ഉയർത്തുന്ന കാലം വിദൂരമല്ല. ആ കബറിലേക്ക് ഒഴുകിയെത്തുന്ന ജനസാഗരം അതിന് തെളിവാണ്.

വീണ്ടും ഒരു ഓർമ തിരുന്നാൾ സമീപിച്ച ഈ അവസരത്തിൽ ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ മാധ്യസ്ഥം തേടി ആ പരിപാവനമായ കബറിലേക്ക് ഒരു സങ്കീർത്തനം പോലെ നമുക്ക് അണിചേരാം.

---

## ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹം



ദൈവതിരുനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ..

2023 ജൂലൈ 10ന് ഞാൻ ഒരേ ഒരു നിയോഗത്തിന് വേണ്ടി പദയാത്രയിൽ പെരുനാട്ടിൽ നിന്ന് പുത്തൻപീടിക വരെ പങ്കെടുത്തു. എന്റെ നിയോഗം ഞങ്ങളുടെ കൂടെ അനേക വർഷങ്ങളായി താമസിച്ച് ജോലി ചെയ്ത സിജി എന്ന സഹോദരിക്ക് കാൽ ചവിട്ടി നിൽക്കാൻ സ്ഥലമോ ഒരു ഭവനമോ ഇല്ലായിരുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി, പിറ്റേ മാസം ഒരാൾ 5 സെന്റ് സ്ഥലവും, നല്ല മനസ്സുള്ള പലർ ചേർന്ന് ഒരു ഭവനവും നൽകി അനുഗ്രഹിച്ചു. അതിന്റെ കൂദാശ കഴിഞ്ഞവർഷം ജൂൺ 15ന് നടന്നു. ഈ വലിയ സമ്മാനം തന്ന് ഞങ്ങളെ അനുഗ്രഹിച്ച ദൈവത്തിനും, ധന്യൻ മാർ ഈവാനിയോസ് പിതാവിനും ഒരായിരം നന്ദി.

പ്രാർത്ഥനയോടെ,
**സി. ഫ്രാൻസിനാ എസ്.ഐ.സി**

www.malankaralibrary.com



# പുണ്യം പിറക്കുന്ന തീർത്ഥാടനം

**ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്**
സഭാതല ഡയറക്ടർ, എം.സി.വൈ.എം.

പുണ്യസ്ഥലങ്ങളിലേയ്ക്കുള്ള തീർത്ഥാടവും, പുണ്യപിതാക്കന്മാരുടെ വിശുദ്ധ ഓർമകളുമായി നടത്തുന്ന തീർത്ഥാടനവും, പ്രത്യേക നിയോഗലബ്ദിക്കായി നോമ്പുനോറ്റ് ത്യാഗപൂർവം നടത്തുന്ന യാത്രകളും പുണ്യയാത്രകളുടെ വിവിധ ഭാവങ്ങളാണ്. നമ്മുടെ പുണ്യപിതാവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമപ്പെരുന്നാളിനോടനുബന്ധമായി നാം നടത്തിവരുന്ന തീർത്ഥാടനപദയാത്ര ഒരു വ്യക്തിഗത സഭ എന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അതുല്യമായ ദൈവാനുഭവത്തിന്റെ സജീവമായ ചരിത്രം കൂടിയാണ്.

ധന്യൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പൂജ്യദേഹം അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യങ്ങളുടെ കലവറയായ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിലേയ്ക്ക് കഴിഞ്ഞ നാലു പതിറ്റാണ്ടായി നാം നടത്തി വരുന്ന തീർത്ഥാടന പദയാത്ര അനുഗ്രഹവും പുണ്യവുമാണ്. വ്രതാനുഷ്ഠാനത്തോടെ നാം നടത്തുന്ന പദയാത്രകൾ ആത്മശരീരങ്ങളുടെ വിശുദ്ധീകരണത്തിനും അതിലുപരി ആത്മീയ നവീകരണത്തിനും ഉതകുന്ന ആത്മീക ശിക്ഷണങ്ങളാണ്.

വൈദിക പരിശീലന കാലംതൊട്ട് ഒരുപാട് നാളായി ആഗ്രഹിച്ച കാര്യമായിരുന്നു പ്രധാന പദയാത്രയിൽ ഒരു പ്രാവശ്യമെങ്കിലും പൂർണമായി പങ്കെടുക്കുക എന്നത്. പലവിധ കാരണങ്ങളാൽ ഓരോ വർഷവും ഭാഗികമായി മാത്രമെ പങ്കുചേരാൻ സാധിച്ചിരുന്നുള്ളൂ. എന്നാൽ കോവിഡിനെ തുടർന്ന് 2023-ൽ പദയാത്ര പുനരാരംഭിച്ചപ്പോൾ ആദ്യമായി പദയാത്രയിൽ പൂർണമായും പങ്കെടുക്കാൻ സാധിച്ചു. ആദ്യദിവസം ആശങ്കകളോടെയാണ് ഞാൻ നടന്നു തുടങ്ങിയത്, എന്നാൽ ദൈവകൃപയാൽ അഞ്ചുദിവസവും പൂർണമായി പങ്കെടുക്കാൻ സാധിച്ചു എന്നത് അനുഗ്രഹകരമായ ഒരു അനുഭവമായിരുന്നു. റാന്നിപെരുന്നാട് നിന്നാരംഭിക്കുന്ന പ്രധാന പദയാത്രയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി കഴിഞ്ഞ വർഷങ്ങളിൽ പൂർണമായി പങ്കാളിയാകാൻ ലഭിച്ച സൗഭാഗ്യത്തെ നന്ദിപൂർവം അനുസ്മരിക്കുന്നു.

യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വ ശുശ്രൂഷയിലായിരുന്നതിനാൽ യുവജനങ്ങളോട് ചേർന്ന് രണ്ടു മാസത്തോളം നീണ്ടു നിൽക്കുന്ന ആലോചനകളിലും പ്രാർത്ഥനാപൂർവമായ ഒരുക്കത്തിലും വ്രതനിഷ്ഠയോടെയുള്ള തയ്യാറെടുക്കലിലും ഉൾച്ചേർന്ന് ഈ പദയാത്രയിൽ പങ്കെടുത്തത് വ്യക്തിപരമായി വേറിട്ട അനുഭവമായിരുന്നു. തീവ്രമായ ഒരുക്കവും ശുദ്ധിയുള്ള നിയോഗവും പദയാത്രകളെ കൂടുതൽ അനുഗ്രഹപ്രദമാക്കുന്നു.

ഒരു അപ്പസ്തോലിക സഭയിലെ അംഗമെന്ന രീതിയിൽ അഭിവന്ദ്യ പിതാക്കന്മാരോടും വൈദികസഹോദരങ്ങളോടും സമർപ്പിതരോടും ആബാലവൃദ്ധം സഭാമക്കളോടുമൊപ്പം അഞ്ചുദിനങ്ങൾ നടന്നു നീങ്ങുമ്പോൾ ലഭിക്കുന്ന സഭാത്മക ബോധം അത് വാക്കുകൾക്കധീതമായ വികാരമാണ്. കാഷായ വസ്ത്രത്തിന്റെ ഐക്യത്തിൽ മലങ്കര മക്കളെന്ന വികാരത്തിൽ മാർ ഈവാനിയോസിന്റെ പിൻഗാമികളെന്ന കൈയ്യൊപ്പു ചാർത്തി നടന്നു നീങ്ങുന്നത് മനംനിറയുന്ന ഒരു കാഴ്ചയാണ്.

വിശ്വാസത്തെപ്രതി ശാരീരിക ക്ലേശങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന വിശ്വാസ സാക്ഷ്യം, പരിമിതികളുടെ നടുവിലും സഭയോട് ചേർന്നു നിൽക്കാൻ നടത്തുന്ന പരിശ്രമങ്ങൾ, മാർ ഈവാനിയോസ് പിതാവിന്റെ ആത്മീക ദർശനങ്ങളെയും ജീവിത പുണ്യങ്ങളെയും ജീവിതത്തിൽ സ്വാശീകരിക്കാൻ നടത്തുന്ന പരിശ്രമങ്ങൾ, പങ്കുവയ്ക്കലിന്റെയും പരസ്പരമുള്ള കരുതലിന്റെയും വിശ്വാസ മാതൃകകൾ എന്നിവ പദയാത്രയുടെ മദ്ധ്യേ നാം കണ്ടുമുട്ടുന്ന പച്ചയായ വിശ്വാസ സാക്ഷ്യത്തിന്റെ നേർകാഴ്ചകളാണ്. മറ്റൊരു തരത്തിൽ നമ്മുടെ വ്യക്തിപരമായ വിശ്വാസ ജീവിതത്തിന്റെ മാറ്റ് ഉരച്ചു നോക്കുവാൻ ലഭിക്കുന്ന അവസരമാണ് തീർത്ഥാടന പദയാത്ര. അതുകൊണ്ട് മലങ്കര മക്കളായ നാം ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രധാന തീർത്ഥാടന പദയാത്രയുടെ ഭാഗമാകുന്നത് അനുഗ്രഹവും കാലഘട്ടത്തിന്റെ സാക്ഷ്യവുമാണെന്ന് നിസ്സംശയം പറയാം.

പദയാത്രികരുടെ ജീവിത അനുഭവങ്ങൾ കോർത്തിണക്കി പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന നുഹറോ ദ്മലങ്കരയ്ക്ക് എല്ലാവിധമായ ആശംസകളും നേരുന്നു. ഈ പ്രസിദ്ധീകരണത്തിലെ സാക്ഷ്യപ്പെടുത്തലുകൾ ധന്യൻ മാർ ഈവാനിയോസിന്റെ കാൽപാടുകളെ പിൻചെല്ലാൻ അനേകർക്ക് പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നുഹറോ ദ്മലങ്കര അണിയിച്ചൊരുക്കിയ ഏവർക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

www.malankaralibrary.com



# പുറപ്പാട്

**സിജോ സി ജോസഫ്**
പ്രസിഡന്റ്, എംസിവൈഎം തിരുവനന്തപുരം മേജർ അതിഭദ്രാസനം

മലങ്കര സഭയിൽ ഇന്നോളം ഉണ്ടായിട്ടുള്ള നന്മകളുടെയും അനുഗ്രഹങ്ങളുടെയും ഉറവിടം ധന്യൻ മാർ ഇവാനിയോസ് പിതാവാണ്. കൂടുതൽ അറിയുന്തോറും അതിയായ അത്ഭുതം ഉളവാക്കുന്ന പുണ്യ പിതാവ്... വിദ്യാസമ്പന്നനായ വൈദികൻ, വിശുദ്ധനായ സന്യാസി, കർമ്മനിരതനായ സഭാ അധ്യക്ഷൻ, എല്ലാ നിലകളിലും വേറിട്ടു നിന്ന ശ്രേഷ്ഠ വ്യക്തിത്വം. ശൂന്യതയിൽ നിന്ന് അത്ഭുതങ്ങൾ സൃഷ്ടിച്ച അസാധാരണ മനുഷ്യൻ...

ദൈവത്തിന്റെ കരുണയുടെ മുഖമാണ് മലങ്കര സഭയ്ക്ക് ധന്യൻ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് പിതാവ്. 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം' എന്ന തിരിച്ചറിവോടെ മാനവ നന്മ ലക്ഷ്യം വെച്ചുകൊണ്ട് സത്യ ദൈവത്തെ പുൽകുവാൻ ഇറങ്ങിത്തിരിച്ച പിതാവ്...

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ കാൽപാടുകൾ പിന്തുടർന്ന് പിതാവിന്റെ ജീവിത ദർശനങ്ങൾ സഭയ്ക്കും സമൂഹത്തിനും ലോകത്തിനും മുൻപിൽ സാക്ഷ്യമായി വയ്ക്കുവാൻ മലങ്കര മക്കൾക്ക് ലഭിച്ച സൗഭാഗ്യമാണ് പുണ്യം വിതറുന്ന തീർത്ഥാടന പദയാത്ര.

പത്തനംതിട്ട ഭദ്രാസനത്തിലെ റാന്നി പെരുനാട്ടിൽ നിന്നും നോമ്പ് നോറ്റ് ആത്മീയ ഒരുക്കത്തോടെ പ്രാർത്ഥന മഞ്ജരികൾ ഉരുവിട്ടുകൊണ്ട് വിശ്വാസികൾ നടന്നു നീങ്ങുന്നു.

ഏതു പ്രതികൂല സാഹചര്യത്തെയും സധൈര്യം തരണം ചെയ്ത്, പ്രാർത്ഥനയിൽ മുറുകെപ്പിടിച്ചുകൊണ്ട് മലങ്കരയുടെ പുണ്യ പിതാവിന്റെ അനന്തപുരിയുടെ വിരിമാറിൽ, പട്ടം കബർ ചാപ്പലിൽ സ്ഥിതി ചെയ്യുന്ന കബറിടത്തിലേക്ക് നടന്നടുക്കുന്നു.

പിതാവിന്റെ വിശുദ്ധ ജീവിതത്തെ ലോകത്തോട് വിളിച്ചു പറഞ്ഞുകൊണ്ട് ആറുതവണ പുണ്യപദയാത്രയിൽ പങ്കെടുക്കുവാൻ എനിക്ക് അനുഗ്രഹം ലഭിച്ചു. അതിൽ ഏറ്റവും മാധുര്യം നിറഞ്ഞ ഓർമ്മ കഴിഞ്ഞ വർഷം കബറിടത്തേക്ക് നടന്നടുത്തതാണ്.

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ, യുവജനപ്രസ്ഥാനത്തിന്റെ തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റായി ആത്മീയ ശുശ്രൂഷ ഏറ്റെടുത്തിട്ടുള്ള ആ പദയാത്ര അനുഭവം എന്റെ ജീവിതത്തെ കൂടുതൽ ആത്മീയമായും സഭാത്മകമായും ഒന്നുകൂടി ഊട്ടിയുറപ്പിക്കുവാൻ സാധിച്ചു.

'മലങ്കരയുടെ പരിശുദ്ധ പുണ്യ പിതാവേ... മലങ്കര മക്കൾ തൻ കാവൽ പിതാവേ ...' - എന്ന് ഉറക്കെ പാടിക്കൊണ്ട് തെരുവീഥികളിലൂടെ നടന്നു നീങ്ങുമ്പോൾ, അത് അനേകർക്ക് സത്യത്തിന്റെയും സുവിശേഷത്തിന്റെയും സാക്ഷ്യമായി മാറിയ അത്ഭുതവാഹമായ കാഴ്ച എന്നെപ്പോലുള്ള അനേകം യുവജനങ്ങൾ കൺനിറയെ കണ്ടിട്ടുണ്ട്.

മുകളിൽ ആകാശവും താഴെ ഭൂമിയും മാത്രം മുന്നിൽ കണ്ടു കൊണ്ട്, സർവ്വശക്തനായ ദൈവത്തിൻറെ കരം പിടിച്ചുകൊണ്ട് ശൂന്യതയിലേക്കുള്ള മാർ ഇവാനിയോസ് പിതാവിന്റെ പുറപ്പാട്, ഇന്ന് അഞ്ചുപേരിൽ തുടങ്ങി ആയിരങ്ങളും പതിനായിരങ്ങളും ലക്ഷങ്ങളും കടന്ന് നിൽക്കുന്നു...

പിതാവിന്റെ അനുഗ്രഹ ദായകമായ ജീവിതത്തെ നമുക്കൊന്നുകൂടി സ്മരിക്കാം... ചരിത്ര വഴികളിലൂടെ ഒന്നുകൂടി സഞ്ചരിക്കാം... പദയാത്രികരായി കബറിടത്തിലേക്ക്, ഞങ്ങളുടെ ഭാഗ്യങ്ങളുടെ കലവറയിലേക്ക് നടന്നടുക്കാം..

www.malankaralibrary.com



# ഹൈറേഞ്ചിന്റെ മണ്ണിൽ നിന്നും ഭാഗ്യങ്ങളുടെ കലവറയിലേക്ക്....

**മാത്യു ജോസഫ്**
ട്രഷറർ, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനം

2024 വർഷത്തെ ഏറ്റവും വലിയ ഒരു ആഗ്രഹമായിരുന്നു ആ വർഷത്തെ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയോട് അനുബന്ധിച്ചുള്ള പദയാത്രയിൽ സംബന്ധിക്കുക എന്നത്. എം.സി. വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ ട്രഷററായി പുതിയൊരു നിയോഗം കൂടി ദൈവം തമ്പുരാൻ തന്ന വർഷം ആയിരുന്നു. 2022ലും 2023ലും പദയാത്രയിൽ പങ്കെടുത്തിട്ടുണ്ട് എങ്കിലും പദയാത്രയിൽ തുടക്കം മുതലേ പങ്കെടുക്കുവാൻ സാധിച്ചിട്ടില്ലായിരുന്നു. 2024 വർഷത്തെ തിരുവല്ല അതിഭദ്രാസന സമിതിയുടെ കർമ്മ പദ്ധതിയിൽ ഒന്നായിരുന്നു 'എഫാത്ത'. അതിഭദ്രാസനത്തിലെ യൂണിറ്റുകൾ സന്ദർശിക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്യുന്ന എഫാത്ത പ്രോഗ്രാമിന്റെ ഭാഗമായി കുമളി മേഖലയിലെ ചക്കുപള്ളം ദൈവാലയം സന്ദർശിക്കുകയും ഏറെ പ്രിയപ്പെട്ട ജോയി അപ്പച്ചനെ പരിചയപ്പെടുകയും ചെയ്തത്. ജോയി അപ്പച്ചന്റെ മകനുമായി സംസാരിച്ചപ്പോഴാണ് ഈ വർഷം അപ്പച്ചന്റെ ഒപ്പം ഞങ്ങളുടെ ഇടവക വികാരി ബഹുമാനപ്പെട്ട ഈപ്പൻ പുത്തൻപറമ്പിൽ അച്ചനും ഹൈറേഞ്ചിൽ നിന്നും ജോയി അപ്പച്ചനൊപ്പം പദയാത്രയിൽ പങ്കെടുക്കാൻ പോകുന്നു എന്നറിയാനായിട്ട് സാധിച്ചത്. ഞാൻ അന്ന് തന്നെ ബഹുമാനപ്പെട്ട ഈപ്പൻ അച്ചനെ വിളിക്കുകയും എനിക്കും അവരോടൊപ്പം ഹൈറേഞ്ചിൽ നിന്നും പദയാത്രയിൽ പങ്കെടുക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. രണ്ടാഴ്ചയ്ക്കുശേഷം ബഹുമാനപ്പെട്ട അച്ചൻ നമുക്ക് കട്ടപ്പനയിൽ നിന്നും യാത്ര പുറപ്പെടാം ബഹുമാനപ്പെട്ട എബ്രഹാം വലിയകുളത്തിങ്കൽ അച്ചനും നമ്മോടൊപ്പം യാത്രയിൽ ഉണ്ടാകും എന്നറിയിക്കുകയും ചെയ്തു. ഒട്ടും മടികൂടാതെ അച്ചന്റെ കൂടെ ഞാനും ഉണ്ട് എന്ന് പറഞ്ഞു. ജൂലൈ മാസം ഒന്നാം തീയതി മുതൽ പ്രത്യേകമായി പ്രാർത്ഥിച്ച് നോമ്പെടുത്ത് ഉപവസിച്ച് ഞങ്ങൾ മൂന്നു പേരും ഒരുങ്ങി. ജൂലൈ മാസം ആറാം തീയതി രാവിലെ വിശുദ്ധ കുർബാനയ്ക്കു ശേഷം ഞങ്ങൾ മൂന്നുപേരും വിശുദ്ധ കുമ്പസാരവും നടത്തി 7 മണിക്ക് കട്ടപ്പന സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിന്റെ മാതാവിന്റെ കുരിശടിയിലും വിശുദ്ധ ഗീവർഗീസ് സഹദായുടെ കുരിശടിയിലും നിന്നും പ്രാർത്ഥിച്ചുകൊണ്ട് യാത്ര ആരംഭിച്ചു. യാത്രയിൽ ഉടനീളം ജപമാല ചൊല്ലി പ്രത്യേക നിയോഗങ്ങൾ വച്ച് ഞങ്ങൾ പ്രാർത്ഥിച്ച് മുൻപോട്ട് നടന്നു. ആദ്യത്തെ ദിവസം 31 കിലോമീറ്റർ യാത്ര ചെയ്തു മേമല എന്ന സ്ഥലത്തെത്തി. അവിടെ നിന്നും തിരിച്ച് ആലടി സെൻറ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ എത്തി വിശ്രമിച്ചു.

അതിരാവിലെ തന്നെ വിശുദ്ധ കുർബാനയ്ക്കു ശേഷം 7 മണിയോടുകൂടി മേമലയിൽ നിന്നും യാത്ര ആരംഭിച്ചു. യാത്രയിൽ ഇടയ്ക്ക് ലഭിച്ച മഴ വലിയ അനുഗ്രഹമായിരുന്നു. അങ്ങനെ ഞങ്ങൾ മൂന്നുപേരും പ്രാർത്ഥിച്ച് മുമ്പോട്ട് നീങ്ങി. കുട്ടിക്കാലം മുതൽ മുണ്ടക്കയം 35 മൈൽ വരെയുള്ള രണ്ടാമത്തെ ദിവസത്തെ യാത്രയിൽ ആരോഗ്യപരമായ കുറച്ചു ബുദ്ധിമുട്ടുകൾ എനിക്ക് നേരിടേണ്ടി വന്നു ബഹുമാനപ്പെട്ട അച്ചന്മാർ ഞാൻ വീണുപോകുന്ന സമയങ്ങളിൽ എനിക്ക് താങ്ങായി എന്റെ കൂടെ നിന്നു. രണ്ടാമത്തെ ദിവസം ഞങ്ങളുടെ ലക്ഷ്യം എരുമേലി ദൈവാലയം ആയിരുന്നു എങ്കിലും മുണ്ടക്കയം 35 ആം മൈൽ എത്തിയപ്പോൾ തന്നെ ഞാൻ അവശനായി വീണുപോയി. മുണ്ടക്കയത്ത് നിന്നും ബഹുമാനപ്പെട്ട തോമസ് നാലുനടിയിൽ അച്ചൻ ഞങ്ങളെ എരുമേലി ദൈവാലയത്തിൽ എത്തിച്ചു. എരുമേലി ദൈവാലയത്തിൽ ബഹുമാനപ്പെട്ട വർഗീസ് തെക്കേമണ്ണിൽ അച്ചൻ ഞങ്ങളെ സ്വീകരിക്കുകയും താമസവും ഭക്ഷണവും ഒരുക്കി തരികയും. മൂന്നാം ദിവസം വിശുദ്ധ കുർബാനയ്ക്കു ശേഷം 35 ആം മൈലിൽ നിന്നും ഞങ്ങളുടെ യാത്ര

www.malankaralibrary.com


ആരംഭിച്ചു. മൂന്നാം ദിവസം എനിക്ക് പ്രത്യേകം ഒരു ശക്തി ലഭിക്കുന്നതുപോലെ അനുഭവപ്പെട്ടു. ഏകദേശം 11 മണി ആയപ്പോൾ ഞങ്ങൾ എരുമേലി ടൗണിൽ എത്തി ടൗണിൽ നിന്നും ഷോർട്ട്കട്ട് എടുത്ത് ചുങ്കപ്പാറ ദൈവാലയത്തിൽ എത്തുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

എരുമേലി ടൗണിൽ നിന്നും യാത്ര പുറപ്പെട്ടപ്പോൾ എനിക്ക് ഒരു ചുവടു പോലും വെക്കുവാൻ കഴിയാതെ വന്നു. ഞാൻ വിങ്ങിപ്പൊട്ടി കരഞ്ഞു ഈപ്പൻ അച്ചൻ കുറച്ച് മുമ്പിലായിരുന്നു വലിയകുളത്തിങ്കൽ അച്ചൻ എന്റെ കൈകളിൽ പിടിച്ച് എനിക്ക് ബലം തന്നു ഞങ്ങൾ ഒരുമിച്ച് 'പരിശുദ്ധാത്മാവേ ശക്തി അയക്കണമേ' എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു ഓരോ ചുവടുകളും എടുത്ത് വച്ചു. ഓരോ ചുവടുകളും എടുത്ത് വയ്ക്കുമ്പോൾ കൂടുതൽ ഊർജ്ജം ഞങ്ങൾക്ക് ലഭിക്കുന്നതായി അനുഭവപ്പെട്ടു. അങ്ങനെ ജപമാല അർപ്പിച്ചു പ്രാർത്ഥിച്ചു ഞങ്ങൾ മുക്കട എന്ന സ്ഥലത്ത് അൽപ്പനേരം വിശ്രമിക്കുവാൻ ഇരുന്നു. അപ്പോൾ മുതൽ എനിക്ക് കാലിന് വലിയ വേദന അനുഭവപ്പെടുകയും എന്റെ കാല് നീര് വയ്ക്കുകയും ചെയ്തു. കയ്യിലുണ്ടായിരുന്ന ബാം പുരട്ടി വേദന ശമിപ്പിച്ച് ഞങ്ങൾ യാത്ര ആരംഭിച്ചു. പൊന്തമ്പുഴ ടൗണിൽ എത്തിയപ്പോൾ ഞാൻ വീണ്ടും വീണുപോയി. പൊന്തൻപുഴയിൽ നിന്നും എനിക്ക് നടന്ന് ചുങ്കപ്പാറയിൽ എത്തുവാൻ സാധിക്കില്ല എന്ന് മനസ്സിലാക്കി അച്ചന്മാർ എന്നെ ഒരു ഓട്ടോയിൽ കയറ്റി ചുങ്കപ്പാറയിൽ വിടാം എന്ന് പറഞ്ഞു. പക്ഷേ ഞാൻ സമ്മതിച്ചില്ല. അന്നത്തെ യാത്ര അവിടെ അവസാനിപ്പിച്ച് ചുങ്കപ്പാറ ദേവാലയത്തിലേക്ക് ഞങ്ങൾ ഓട്ടോ പിടിച്ച് എത്തി. ദൈവാലയത്തിൽ എത്തിയപ്പോൾ ബഹുമാനപ്പെട്ട പയ്യമ്പള്ളി അച്ചൻ ഞങ്ങൾക്ക് വേണ്ടി താമസം ക്രമീകരിച്ചിരുന്നു ഞങ്ങൾ എത്തുന്ന സമയം അച്ചൻ അവിടെ ഇല്ലായിരുന്നു. ബഹുമാനപ്പെട്ട ചെറിയാൻ കുരിശുമൂട്ടിൽ അച്ചന്റെ പപ്പ അവിടെ എത്തുകയും ഞങ്ങളെ സ്വീകരിക്കുകയും വേണ്ട ക്രമീകരണങ്ങൾ ചെയ്തു നൽകുകയും ചെയ്തു. നാലാം ദിവസം രാവിലത്തെ വിശുദ്ധ കുർബാനയ്ക്കു ശേഷം യാത്ര പൊന്തൻപുഴയിൽ നിന്ന് ആരംഭിച്ചു. നാലാം ദിവസം എന്റെ കാലിലെ നീര് മുഴുവനും മാറിയതായി കണ്ടു. അങ്ങനെ ഞങ്ങൾ നടന്നു നീങ്ങി 2 മണിക്ക് വെണ്ണിക്കുളം ദേവാലയത്തിൽ എത്തി പ്രാർത്ഥിച്ച് കട്ടപ്പനയിൽ നിന്നും ഉള്ള ഞങ്ങളുടെ യാത്ര അവസാനിപ്പിച്ച് ശാന്തിനിലയത്തിൽ എത്തി. 10ാം തീയതി രാവിലെ വിശുദ്ധ കുർബാനയ്ക്കും പിതാക്കന്മാരുടെ കബറിങ്കലുള്ള പ്രത്യേക പ്രാർത്ഥനയ്ക്കും ശേഷം തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള പദയാത്ര അഭിവന്ദ്യ. തോമസ് മാർ കൂറിലോസ് പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും തിരുവല്ലയിൽ നിന്ന് ഞങ്ങൾ മൂന്നുപേരും തിരുവനന്തപുരത്തേക്കുള്ള പദയാത്രയിൽ പങ്കാളികളാകുകയും ചെയ്തു.

യാത്രയിൽ ഒട്ടനവധി പ്രതിസന്ധികൾ അനുഭവപ്പെട്ടെങ്കിലും പരിശുദ്ധ അമ്മയുടെയും, മാർ ഈവാനിയോസ് പിതാവിന്റെയും മാധ്യസ്ഥം യാചിച്ച് മുൻപോട്ട് നീങ്ങിയപ്പോൾ ഒരു പ്രത്യേക ശക്തി ഞങ്ങളെ നയിക്കുന്നതായി അനുഭവപ്പെട്ടു. ഈ പദയാത്രയിൽ ഞാൻ പ്രാർത്ഥിച്ച ഒരു കാര്യമായിരുന്നു എനിക്ക് ഒരു ജോലി അല്ലെങ്കിൽ പഠന മേഖലയിലെ എന്റെ തടസ്സങ്ങളെല്ലാം നീക്കണമെന്ന്. വർഷങ്ങളായി പി.എസ്.സി എക്സാം എഴുതുന്നു എങ്കിലും ഒരിടത്തും എത്തുവാൻ ആയിട്ട് എനിക്ക് സാധിച്ചിരുന്നില്ല. കുടുംബാംഗങ്ങളുടെയും കൂട്ടുകാരുടെയും മുറിപ്പെടുത്തുന്ന വാക്കുകൾ കേട്ട് എല്ലാവരുടെയും മുമ്പിൽ ഒരു പരിഹാസപാത്രമായി തീരുകയും ചെയ്ത ഒരു ജീവിതമായിരുന്നു ഈ പദയാത്രയ്ക്ക് മുമ്പ് വരെ എന്റേത്. പക്ഷേ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം യാചിച്ച് ഞാൻ അപേക്ഷിച്ച കാര്യം പദയാത്ര കഴിഞ്ഞ് ഒരു മാസത്തിനകം തന്നെ ദൈവം തമ്പുരാൻ എനിക്ക് സാധിച്ചു തന്നു. ഓഗസ്റ്റ് മാസം പതിനാറാം തീയതി എനിക്ക് ബി.എഡിന് അഡ്മിഷൻ ലഭിക്കുകയും പഠനം പുനരാരംഭിക്കുകയും ചെയ്തു. പദയാത്രയ്ക്ക് ശേഷം എനിക്കും എന്റെ കുടുംബത്തിനും ഒട്ടനവധി അനുഗ്രഹങ്ങളാണ് ലഭിച്ചത്. ഈ വർഷവും പദയാത്രയിൽ ആദ്യം മുതൽ അവസാനം വരെയും പങ്കെടുക്കണമെന്ന് ആഗ്രഹിക്കുന്നു.

പദയാത്ര വലിയൊരു അനുഗ്രഹമാണ്.... നമ്മൾ ആത്മാർത്ഥമായി ഏത് കാര്യവും മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം യാചിച്ച് അപേക്ഷിച്ചു പ്രാർത്ഥിച്ചാലും നമുക്ക് ദൈവം തമ്പുരാൻ അത് സാധിച്ചു തരും. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് എന്റെ ജീവിതം.

www.malankaralibrary.com



ദൈവ തിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ,

ഞാൻ ചെറിയാൻ തോമസ് (ജോയി) മധുരത്തിൽ, തിരുവല്ല അതിരൂപതയിൽ കുമളി മേഖലയിൽ ചക്കുപള്ളം സെന്റ് മേരീസ്മലങ്കര സുറിയാനി കത്തോലിക്കാ ഇടവക അംഗമാണ്. 7 വർഷമായി പദയാത്രയിൽ ഞാൻ പങ്കടുക്കുന്നു. ഈവാനി യോസ് പിതാവിന്റെ ഓർമപ്പെരുന്നാളിന്ന് കബറിങ്കൽ പോവുക പതിവായിരുന്നു. കബറിങ്കൽ വച്ച് പദയാത്രയിൽ പങ്കെടുക്കണം എന്നൊരു അഗ്രഹം ഉണ്ടായി. അതിനെ തുടന്ന് പിറ്റേവർഷം മുതൽ ഞാൻ പദയാത്രയിൽ പങ്കെടുക്കുവാൻ ആരംഭിച്ചു. എന്റെ ഇടവക പള്ളിയിൽ നിന്ന് എല്ലാ വർഷവും ജൂലൈ 7-ാം തീയതി രാവിലത്തെ വി. കുർബാനയെ തുടർന്ന് ഇടവക വികാരി പ്രത്യകം പ്രാർത്ഥിച്ചു അനുഗ്രഹച്ച തിനു ശേഷം നടക്കാൻ ആരംഭിച്ചു. 9-ാം തീയതി വൈകിട്ട് പെരുനാട്ടിൽ എത്തുകയും 10-ാം തീയതി എല്ലാവരുടെയും കൂടെ നടക്കാൻ ആരംഭിക്കുകയും ചെയ്തു. കാൽ മുട്ടിന്റെ ഓപ്പറേഷൻ കഴിഞ്ഞിട്ടും ക്ഷിണമില്ലാതെ ചക്കുപള്ളത്തിൽ നിന്നും തിരുവനന്തപുരം വരെ നടക്കുവാൻ ദൈവം എന്നെ സഹായിച്ചു. ഒരു വർഷം മാത്രം പോകാൻ ആഗ്രഹിച്ച ഞാൻ ഏഴു വർഷവും തുടർച്ചയായി ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ പോകുവാനുള്ള ദൈവകൃപ കിട്ടി. യാത്ര യിൽ ആൾകാരോട് സംസാരിക്കുവാനും അവരൊടൊത്ത് നടക്കുവാനും എനിക്കു സാധിച്ചു. പ്രിയപ്പെട്ട മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായോടുടൊത്ത് കൈപിടിച്ച് പത്തു മിനിറ്റ് പദയാത്രയിൽ നടക്കുവാനുള്ള ഒരു ഭാഗ്യമെനിക്കുണ്ടായി അതിനെ തുടർന്ന് ബാവായുടെ കൈയിൽ നിന്നും സ്നേഹ സമ്മാനം ഏറ്റുവാങ്ങാൻ എനിക്കു സാധിച്ചു. ഇനിയും പദയാത്രയിൽ പങ്കെടുക്കുവാൻ എനിക്കു ആഗ്രഹമുണ്ട് ദൈവം സഹായിച്ചാൽ അതു സാധിക്കും. നന്ദി.

**ചെറിയാൻ തോമസ് (ജോയി)** മധുരത്തിൽ, തിരുവല്ല അതിരൂപത

പ്രാർത്ഥനാശംസകളോടെ...

**സജി, ബിന്ദു, സാന്ദ്ര**

**സാന്ദ്ര കോട്ടേജ്, നാരങ്ങാനം**

www.malankaralibrary.com

# കൈവിടാത്ത മാധ്യസ്ഥം



**അജോഷ്. എം തോമസ്**
എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന മുൻ പ്രസിഡന്റ്

**അവർ കർത്താവിന് അവിടുത്തെ കാരുണ്യത്തെപ്രതിയും മനുഷ്യമക്കളിൽ അവിടുന്നു ചെയ്ത അദ്ഭുതങ്ങളെ പ്രതിയും നന്ദി പറയട്ടെ!**
സങ്കീർത്തനങ്ങൾ 107 : 31

2014 മുതൽ ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് നടത്തപ്പെട്ട പദയാത്രയിൽ അഞ്ചുദിവസവും പദയാത്രകനായി പങ്കെടുക്കുവാൻ ലഭിച്ച ദൈവാനുഗ്രഹത്തിന് നന്ദി പറയുന്നു. 2014 ന് മുൻപുള്ള വർഷങ്ങളിൽ ജൂലൈ 14, 15 തീയതികളിൽ പട്ടം കബറിങ്കൽ നടത്തപ്പെടുന്ന ഓർമ്മപ്പെരുന്നാളിനും മെഴുകുതിരി പ്രദക്ഷിണത്തിലും പങ്കെടുത്ത ദിനങ്ങളിൽ ഉള്ള ആഗ്രഹമായിരുന്നു ഒരു തവണയെങ്കിലും അഞ്ചു ദിവസവും പദയാത്രികനായി പങ്കെടുക്കണമെന്നത്. പദയാത്രികനായി തുടങ്ങിയത് മുതൽ എം.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നൽകുവാൻ ദൈവം നിയോഗിച്ചതും പദയാത്രയ്ക്ക് നേതൃത്വം നൽകുവാൻ അവസരം ലഭിച്ചുകൊണ്ടിരിക്കുന്നതും എല്ലാം ദൈവം എന്റെ മേൽ ചൊരിഞ്ഞ കരുണയായി മാത്രം ഞാൻ മനസ്സിലാക്കുന്നു. ധാരാളം പ്രതിസന്ധികൾ നേരിട്ടായിരുന്നു ആദ്യ സമയങ്ങളിൽ പദയാത്രയിൽ പങ്കെടുത്തിരുന്നത്. എന്നാൽ ഓരോ വർഷം കഴിയും തോറും ആ പ്രതിസന്ധികളെ എല്ലാം തന്നെയും തമ്പുരാൻ അനുഗ്രഹങ്ങൾ ആക്കി മാറ്റിയതായി മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞു. ഓരോ പദയാത്രയിലും നിയോഗങ്ങൾ സമർപ്പിച്ചു പങ്കെടുക്കാറുണ്ടായിരുന്നു. എന്നാൽ അത് ആഗ്രഹിച്ച സമയങ്ങളിൽ നടക്കാതെ വന്നപ്പോൾ ജീവിതത്തിൽ പല നിരാശയിലേക്കും ചിന്തകൾ കടന്നുപോയി. എന്നാൽ ഹൃദയങ്ങളെ അറിയുന്ന തമ്പുരാൻ എത്രത്തോളം കാലം അതിന് താമസം ഉണ്ടാക്കിയോ അതിന്റെ 100 ഇരട്ടിയിൽ അധികമായി അനുഗ്രഹം നൽകി ഇന്നും എന്നെ നയിക്കുന്നു.

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ മധ്യസ്ഥത ഏതൊരു വിശ്വാസിയും സംബന്ധിച്ച് ഏറെ ആത്മധൈര്യം നൽകുന്ന ഒരു കൃപയാണ്. ഒന്നുമില്ലായ്മയിൽ നിന്നും ദൈവാശ്രയം മാത്രം കൈമുതലാക്കി ഇറങ്ങിയ പിതാവ് തന്നിൽ മധ്യസ്ഥത തേടുന്ന ആരെയും കൈവിടില്ല എന്ന ഉത്തമ ബോധ്യത്തിന്റെ അനുഭവസ്ഥനാണ് ഞാൻ. എന്റെ തമ്പുരാനെ പെറ്റ അമ്മച്ചി എന്ന് പരിശുദ്ധ അമ്മയെ വിളിക്കാൻ തക്കവിധം അത്രയേറെ തീവ്രതയോടെ പരിശുദ്ധ അമ്മയെ സ്നേഹിച്ചിരുന്ന വന്ദ്യ പിതാവിന്റെ മാധ്യസ്ഥം എന്നും നമുക്ക് കോട്ടയായിരിക്കട്ടെ.

**ധന്യൻ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയോടെ**

**പുലിമുറ്റത്ത് കുടുംബം**

**സീതത്തോട്**

www.malankaralibrary.com



# മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ എന്റെ ജീവിതത്തിൽ സത്യം ആയപ്പോൾ:

**ബ്രദർ. ബനഡിക്ട് നിരകത്ത്**, തിരുവല്ല അതിരൂപത

മിശിഹായിൽ എന്റെ പ്രിയപ്പെട്ടവരെ, നമ്മുടെ പുണ്യപിതാവായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ, നിങ്ങൾ കത്തോലിക്കരായതിൽ അഭിമാനിക്കുവിൻ എന്ന വാക്കുകൾ എന്റെ ജീവിതത്തിൽ എത്രമാത്രം സത്യമായി എന്ന് എന്റെ അനുഭവത്തിലൂടെ ഞാൻ നിങ്ങളുമായി പങ്കുവെക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ബ്രദർ ബെനഡിക്ട് നിരകത്ത്, തിരുവല്ല അതിരൂപതയിലെ ഒരു സെമിനാരി വിദ്യാർത്ഥിയാണ്. എന്റെ ജീവിതയാത്രയുടെ ഓരോ ഘട്ടത്തിലും ദൈവത്തിന്റെ അദൃശ്യമായ കരങ്ങൾ എന്നെ എങ്ങനെ നയിച്ചു എന്ന് പറയാനാണ് ഞാൻ ഇന്ന് നിങ്ങളുടെ മുന്നിൽ നിൽക്കുന്നത്.

ഞാൻ ജനിച്ചുവളർന്നത് ഒരു മാർത്തോമാ കുടുംബത്തിലാണ്. മാർത്തോമാ സഭയുടെപ്രധാന ദൈവാലയമായ മാരമൺ മാർത്തോമാപള്ളി എന്റെ ഇടവകയായിരുന്നു. എന്നാൽ, എന്റെ അമ്മയുടെ കുടുംബദൈവാലയമായ വേങ്ങൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം എന്റെ മനസ്സിൽ ഒരു പ്രത്യേക സ്ഥാനം നേടി. കുഞ്ഞിലേ മുതൽ ഒരു വൈദികനാകാൻ ഞാൻ ആഗ്രഹിച്ചിരുന്നു. വേങ്ങൽ പള്ളിയിലെ കൂദാശകളോടും വിശുദ്ധ കുർബാനയോടും പരിശുദ്ധ അമ്മയോടുമുള്ള ഭക്തി എന്നെ വല്ലാതെ ആകർഷിച്ചു. അപ്പച്ചന്റെയും അമ്മച്ചിയുടെയും ഓർമ്മ കുർബാനകളിൽ, മറ്റ് കൊച്ചുമക്കളെല്ലാം വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ എനിക്ക് അതിന് കഴിയാതിരുന്നത് എന്നെ പലപ്പോഴും വേദനിപ്പിച്ചു, ഞാൻ കരഞ്ഞിട്ടുണ്ട്. അവിടെ നിന്നാണ് ഞാൻ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കാൻ തുടങ്ങിയത്. ഞാൻ ദൈവത്തെ അറിയുന്നതും സ്നേഹിച്ചതും അനുഗ്രഹം പ്രാപിച്ചതും എന്റെ വിഷമങ്ങൾക്ക് മറുപടി നൽകിയതും ആ ഇടവകയാണ്. എന്റെ മാതാവ് എന്നെ പലവട്ടം അനുഗ്രഹിച്ചിട്ടുണ്ട്. ഒരു പ്രൊട്ടസ്റ്റന്റ് സഭയിൽ ജനിച്ചുവെങ്കിലും, ഒരു കത്തോലിക്കനായി മരിക്കണം എന്നതായിരുന്നു എന്റെ ഏക ആഗ്രഹം. ഒരു ദിവസമെങ്കിലും ഒരു കത്തോലിക്കനായി ജീവിച്ച് ഒരു കുർബാന സ്വീകരിക്കാൻ കഴിഞ്ഞാൽ പിന്നെ മരിച്ചാലും കുഴപ്പമില്ലെന്ന് ഞാൻ ആഗ്രഹിച്ചു. ഇതിനുള്ള യോഗ്യത എനിക്ക് ഒട്ടുമില്ലെന്ന് തോന്നിയിരുന്നെങ്കിലും ഞാൻ ആഗ്രഹിച്ചു, എവിടെ നിന്ന് തുടങ്ങണം എന്ന് എനിക്കറിയില്ലായിരുന്നു.

അപ്പോഴാണ് മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നത്. മാർ ഈവാനിയോസ് പിതാവ് സത്യസഭയെ പുൽകിയപ്പോൾ ശക്തമായ എതിർപ്പുകൾ നേരിട്ടിട്ടും മുന്നോട്ട് നീങ്ങിയതും പിൽകാലത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയും എന്നെ ഒരുപാട് അത്ഭുതപ്പെടുത്തി. അദ്ദേഹം ഒരു പുണ്യവാനായ മനുഷ്യനായിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്റെ ഈ ആഗ്രഹം വീട്ടിൽ അവതരിപ്പിച്ചപ്പോൾ പ്രതീക്ഷിച്ച പോലെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നു. മനസ്സില്ലാമനസ്സോടെ ഞാൻ മാരമൺ മാർത്തോമാ പള്ളിയിൽ സജീവമാകാൻ ശ്രമിച്ചെങ്കിലും, ഉള്ളിന്റെ ഉള്ളിൽ ഒരു നീറ്റൽ അവശേഷിച്ചു. പതിയെ ഞാൻ ദൈവത്തിൽ നിന്ന് അകന്നുപോയി.

എന്റെ ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികളും തെറ്റായ സൗഹൃദങ്ങളും കടന്നുവന്നു. പാപത്തിന്റെ കുഴിയിലേക്ക് ഞാൻ വീണുപോയി. 2022 മുതൽ 2024 മെയ് മാസം വരെ ഞാൻ അനുഭവിച്ച മാനസിക വേദനയും കുറ്റബോധവും എന്നെ വല്ലാതെ തളർത്തി. മരിക്കാൻ പോലും ഞാൻ തീരുമാനിച്ചു. ഈശോയെ സ്നേഹിക്കാൻ എനിക്ക് കഴിയുമോ എന്ന് ഞാൻ ചിന്തിച്ചു. ഈ നിരാശയുടെ നാളുകളിൽ, എനിക്ക് ലഭിച്ചത് ഈ വചനമാണ്: ഞാൻ വന്നിരിക്കുന്നത് നീതിമാൻമാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ് (ലൂക്കാ 5:32). ഈശോയുടെ സ്നേഹം ഞാൻ മനസ്സിലാക്കി,

www.malankaralibrary.com

ഒരു കത്തോലിക്കൻ ആകുമെന്ന് ഞാൻ ഉറപ്പിച്ചു.

ഈ വചനം എന്റെ മനസ്സിൽ വീണ്ടും പ്രതീക്ഷയുടെ തിരിതെളിയിച്ചു. പാപികളെ സ്നേഹിക്കുന്ന എന്റെ ഈശോയെ ഞാൻ തിരിച്ചറിഞ്ഞു. പക്ഷേ, മനസ്സിൽ ആ പഴയ ആഗ്രഹം വീണ്ടും ഉടലെടുത്തു. എന്നാൽ, ആ ആഗ്രഹം നടക്കില്ല എന്ന് എനിക്ക് തോന്നി, കാരണം ഞാൻ അത്രയും പാപിയാണ്, എനിക്ക് അതിന് യോഗ്യതയില്ല. ഇപ്പോൾ ഞാൻ ഇങ്ങനെ തീരുമാനിച്ചാൽ എന്നെ പലരും പരിഹസിക്കും. പക്ഷേ, മനസ്സിൽ ഇങ്ങനെ ചിന്ത വളരെ വർദ്ധിച്ചു. അങ്ങനെ ഞാൻ ഈവാനിയോസ് പിതാവിനോട് പ്രാർത്ഥിച്ചു. പരിശുദ്ധ അമ്മ എന്നെ സംരക്ഷിച്ചു. അങ്ങനെ വീണ്ടും ബൈബിൾ എടുത്ത് വായിച്ചപ്പോൾ എനിക്ക് ലഭിച്ചത് നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത് (യോഹന്നാൻ 15:16) എന്ന വചനമാണ്. എന്റെ ആഗ്രഹം ഞാൻ വീണ്ടും വീട്ടിൽ അവതരിപ്പിച്ചെങ്കിലും ശക്തമായ എതിർപ്പായിരുന്നു ഫലം. പ്രധാന പദയാത്രയിൽ പങ്കെടുക്കാൻ ഞാൻ ആഗ്രഹിച്ചെങ്കിലും അത് നടന്നില്ല.

തികച്ചും യാദൃശ്ചികമായി, ഒരു ബന്ധുവിന്റെ വീട്ടിൽ പോയപ്പോൾ, ചെങ്ങന്നൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ പുലിയൂർ ബദലഹേം മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് മാർ ഈവാനിയോസ് പിതാവിന്റെ ജന്മഗൃഹത്തിലേക്ക് ഒരു പദയാത്ര നടക്കുന്നത് ഞാൻ കണ്ടു. എത്രയും വേഗം പരിശുദ്ധ സഭയിലേക്ക് പുനരൈക്യപ്പെടുവാൻ സാധിക്കണം, വീട്ടിൽ എല്ലാവരുടെയും അനുഗ്രഹത്തോടെ സെമിനാരിയിൽ പ്രവേശിക്കുവാൻ അനുഗ്രഹിക്കണം എന്നതായിരുന്നു എന്റെ മനസ്സിലെ ഏക പ്രാർത്ഥന. എന്റെ പിതാവ് ആ ആഗ്രഹം അത്ഭുതകരമായി നിറവേറ്റിത്തന്നു.

പദയാത്ര കഴിഞ്ഞ് ഞാൻ മാരമൺ തിരിച്ചു വന്നപ്പോൾ, തിരുവല്ല അതിരൂപതയുടെ പദയാത്ര എന്റെ ഭവനത്തിന്റെ മുന്നിലൂടെ കടന്നുപോകുന്നത് ഞാൻ കണ്ടു. എന്റെ മനസ്സിൽ ആരോ മന്ത്രിക്കുന്നതുപോലെ തോന്നി: പോയി കൂറിലോസ് പിതാവിനോട് സംസാരിക്കൂ, എല്ലാം നടക്കും. ആദ്യം ഒന്ന് മടിച്ചെങ്കിലും, ഈ ചിന്ത മനസ്സിൽ വീണ്ടും ശക്തമായപ്പോൾ ഞാൻ പിതാവിനോട് സംസാരിച്ചു. അരമനയിൽ വരുവാൻ അഭിവന്ദ്യ പിതാവ് പറഞ്ഞു. ഞാൻ വീട്ടിൽ പറഞ്ഞപ്പോൾ അത്ഭുതമെന്ന് പറയട്ടെ, എല്ലാവരും സമ്മതിച്ചു. അങ്ങനെ, 2024 ജൂലൈ 18-ആം തീയതി ഞാൻ അരമനയിൽ ചെന്ന് പിതാവിനെ കണ്ടു സംസാരിച്ചു. തൊട്ടടുത്ത ദിവസം, ജൂലൈ 20 ശനിയാഴ്ച, വേങ്ങൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വെച്ച് ബഹു. ആന്റണി ചെത്തിപുഴ അച്ചൻ വിശുദ്ധ മൂറോൻ കൂദാശ നൽകി. ഞാൻ എന്റെ സത്യവിശ്വാസം ഏറ്റുപറഞ്ഞു: പരിശുദ്ധ കത്തോലിക്കാ സഭയിൽ ഞാൻ വിശ്വസിക്കുന്നു. തിരുസഭ ഉപേക്ഷിക്കുന്നത് ഞാൻ ഉപേക്ഷിക്കുന്നു. തിരുസഭ സ്വീകരിക്കുന്നത് ഞാനും സ്വീകരിക്കുന്നു. ഞാൻ വളരെ നാളായി ആഗ്രഹിച്ച് പ്രാർത്ഥിച്ച പുനരൈക്യം എന്ന വലിയ സ്വപ്നം ഞാൻ പൂർത്തിയാക്കി. ജൂലൈ 21-ആം തീയതി ഞാൻ സെമിനാരിയിൽ പ്രവേശിച്ച് പഠനം ആരംഭിച്ചു.

ഇതിനിടയിൽ മാതൃദൈവാലയത്തിൽ നിന്ന് നേരിട്ട എതിർപ്പുകളെയും പരിഹാസവാക്കുകളെയും നേരിടാൻ മാർ ഈവാനിയോസ് പിതാവാണ് എന്നെ നയിച്ചത്. ഇന്ന്, ഞാൻ വളരെ അഭിമാനത്തോടും സന്തോഷത്തോടും കൂടെ ഏറ്റുപറയുന്നു: ഞാൻ ഒരു പുനരൈക്യപ്പെട്ട കത്തോലിക്കാ വിശ്വാസിയാണ്. ഞാൻ വിശുദ്ധ ജീവിതം നയിച്ച വ്യക്തിയല്ല, ഒരുപാട് തെറ്റുകളും കുറവുകളും പരാജയങ്ങളും ഒക്കെ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇനിയുള്ള ജീവിതം എന്റെ മരണം വരെ എന്റെ തമ്പുരാനുവേണ്ടിയാണ്. എന്റെ അവസാന ശ്വാസം വരെ ഞാൻ ഈ സഭയിൽ വിശ്വസിക്കും. ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ അനുഗ്രഹീത കൈവെപ്പോടുകൂടി സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പ്രവേശിച്ച ഒരു മലങ്കര സുറിയാനി കത്തോലിക്കാ സഭാ വിശ്വാസിയാണ് ഞാൻ. മാർ ഈവാനിയോസ് പിതാവ് എനിക്ക് നൽകിയ ഈ അനുഗ്രഹം ഞാൻ ഒരിക്കലും മറക്കില്ല.

**മാർ ഈവാനിയോസ് പിതാവേ,**
**ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!**

www.malankaralibrary.com



# നന്ദി.....

**വിശാഖ് വി. എൽ**
പത്തനംതിട്ട ഭദ്രാസന ട്രഷറാർ

തന്റെ ജീവിതവും പ്രവർത്തന സവിശേഷതയും കൊണ്ട് ജനമനസ്സുകളിൽ ഇടം നേടിയ മഹാ വ്യക്തിത്വത്തിന് ഉടമയാണ് ധന്യൻ മാർ ഈവാനിയോസ് തിരുമേനി. സഭാ ജീവിതത്തെയും, സാമൂഹിക ജീവിതത്തെയും സമ്പന്നമാക്കുവാൻ തന്റെ ജന്മം മാറ്റിവെച്ച ആ സന്യാസ വര്യൻ ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജ്വലിച്ചു നിൽക്കുന്നു. മലങ്കര സുറിയാനി കത്തോലിക്ക സഭയ്ക്ക് മാത്രമല്ല, ലോകം മുഴുവനുമുള്ള കത്തോലിക്കാ സഭാ വിശ്വാസികൾക്കും എല്ലാ ജനതകൾക്കും മധ്യസ്ഥ ശക്തിയായി, സ്വർഗ്ഗം പിതാവിനെ വിശുദ്ധരുടെ ഗണത്തിലേക്ക് തെരഞ്ഞെടുക്കുവാനുള്ള ദൈവിക പദ്ധതിയുടെ ദിനത്തിനായി നാമോരോരുത്തരും സദാ പ്രാർത്ഥന നിരതരാണ്.

കരുണാ പൂർവ്വമായ ദൈവപരിപാലനയുടെ പരിപൂർണ്ണ പ്രതിഫലനമായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ ഭൗമിക ജീവിതം. ആഴമേറിയ വിശ്വാസജീവിതം നയിക്കേണ്ടത് എങ്ങനെ എന്ന് അദ്ദേഹം നമുക്ക് കാണിച്ചു തന്നു. കുറവുകളെയും തടസ്സങ്ങളെയും നോക്കി പരിതപിച്ചു നിൽക്കാതെ, അസാധ്യങ്ങളെ സാധ്യങ്ങളാക്കുന്ന ദൈവത്തിൽ ആശ്രയിച്ചു മുന്നോട്ട് പോകുവാൻ പിതാവിന്റെ ജീവിതമാതൃക നമുക്ക് ശക്തി പകരുന്നു. പ്രാർത്ഥനയും പരിത്യാഗവും കൈമുതലാക്കി കർമ്മനിരതമായി ജീവിതത്തിൽ മുന്നേറിയ പിതാവ്, ദൈവ സ്നേഹത്തിലൂടെയും ദൈവ സേവനത്തിലൂടെയും ദൈവസമ്പാദനം സാധ്യമാക്കി. മലങ്കരയുടെ മക്കളായ നാം പിതാവിന്റെ ജീവിതം മാതൃകയാക്കി ജീവിക്കാൻ പരിശ്രമിക്കേണ്ടവരാണ്. അതിനായി ഇനിയും അനേകരെ ആ ധന്യജീവിതം പ്രോജ്വലിപ്പിക്കുക തന്നെ ചെയ്യും.

ഏറെ അഭിമാനത്തോടെ കൂടെയാണ് പത്തനംതിട്ട ഭദ്രാസനം 'നൂഹറോ ദ് മലങ്കരയുടെ' എട്ടാം പതിപ്പ് ഈ പുണ്യ വേളയിൽ പുറത്തിറക്കുന്നത്. ഇതിനായി ആത്മീയമായി ഞങ്ങളെ ശക്തിപ്പെടുത്തുന്ന പത്തനംതിട്ട രൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. സാമുവേൽ മാർ ഐറേനിയോസ് പിതാവ്, പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ്, വികാരി ജനറൽ വന്ദ്യ. മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ, എം.സി.വൈ.എം രൂപത ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, രൂപത ആനിമേറ്റർ സിസ്റ്റർ. ജൊവാൻ എസ്.ഐ.സി പ്രിയപ്പെട്ട രൂപത സമിതി അംഗങ്ങൾ, ഇതിലേക്ക് അനുഭവക്കുറിപ്പുകളും, സാക്ഷ്യങ്ങളും അയച്ചുതന്ന വന്ദ്യ വൈദിക ശ്രേഷ്ഠർ, വന്ദ്യ സിസ്റ്റേഴ്സ്, പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾ, സാമ്പത്തികമായി സഹായിച്ചവർ, പരസ്യങ്ങൾ നൽകിയവർ, ഡിസൈനിങ്ങും ലേഔട്ടും നിർവഹിച്ചവർ, എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുന്നു. എല്ലാത്തിനുമുപരി നമ്മെ വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു.

പ്രാർത്ഥനാശംസകൾ...

L SQUARE
BUILDERS & DEVELOPERS

- DESIGN
- CONSTRUCTION
- RENOVATION
- MANTENANCE

Pathanamthitta,
Kerala

Mob: 9497 059 513
Email: lsquarebuilders7@gmail.com

www.malankaralibrary.com




















www.malankaralibrary.com

# MAR IVANIOS CENTRAL SCHOOL (CBSE)

Vadasserikkara P.O, Pathanamthitta

Ph: 04735 252202

*We are small but we are strong*

**Pre – KG to STD VII**

# ADMISSION CONTINUES





www.malankaralibrary.com


പ്രാർത്ഥനാശംസകൾ....

NIDUS

INTERIORS
CONSTRUCTION
Eranakulam

Hebin Pinhero
9961221100 | 8547888570




www.malankaralibrary.com


CELEBRATING 16 Years of EXCELLENCE

aaron
ELEVATORS

ISO 9001:2015

ELEVATE YOUR SPACE WITH CONFIDENCE

MODERN ELEVATORS FOR EVERY NEED

HOME | COMMERCIAL | HOSPITAL | MARINE SOLUTIONS

CLASSIC | PREMIUM | ULTRA PREMIUM | LUXURY | ULTRA LUXURY

PROUDLY SERVING SINCE 2008 — DELIVERING INNOVATION, RELIABILITY AND ELEGANCE IN VERTICAL TRANSPORTATION.

OUR REACH
KERALA | KARNATAKA | TELANGANA | GOA | ANDHRA PRADESH
MALDIVES | LAKSHADWEEP | SRI LANKA | AFRICA

Get in Touch
+91 75920 56788 | +91 80864 37999
Email: Sales.aaronelevators@gmail.com
Website: www.aaronelevators.in